# മലങ്കരസഭ

## മാസിക



പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ 13–ാം സ്ഥാനാഭിഷേക വാർഷികത്തിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി ബാവായ്ക്ക് ഹാരാർപ്പണം ചെയ്യുന്നു. തേയോഫോറോസ് റമ്പാൻ, തിരുവനന്തപുരം പള്ളി വികാരി ഫാ. അലക്സാണ്ടർ വൈദ്യൻ തുടങ്ങിയവർ സമീപം.

സ്ഥാനാഭിഷേക വാർഷികത്തിൽ സംബന്ധിച്ച പൈതങ്ങളെ പ. ബാവാ ചുംബിക്കുന്നു. സിറിൽ റമ്പാനാണ് അടുത്തുനിൽക്കുന്നത്.

ഫോട്ടോ: സത്യവാൻ

1987
നവംബർ
ലക്കം 11
പുസ്തകം 42





അമേരിക്കയിലെ സ്ററററിൻ ഐലൻറിൽവച്ചു നടന്ന നേതൃസമ്മേളനത്തിന് നേതൃത്വം നൽകിയ ഗീവർഗീസ് മാർ ഈവാനിയോസ്, പൗലൂസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ മക്കാറിയോസ് എന്നീ തിരുമേനിമാർ.



ജയ്പ്പൂർ സെൻറ് തോമസ് പള്ളിയുടെ ശിലാസ്ഥാപനകർമ്മം ഇടവക മെത്രാപ്പോലീത്താ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി നിർവ്വഹിക്കുന്നു.


# മലങ്കരസഭ

10-11-1987



**EDITORIAL BOARD**

H. H. The Catholicos of the East (President)
H. G. Geevarghese Mar Osthathios Metropolitan (Vice President)
H. G. Paulose Mar Milithios Episcopa
Rev. Dr. V. C. Samuel
Rev. Fr. T. J. Joshua
Rev. Fr. Jacob Kurian
Rev. Fr. Lazarus O. I. C.
Dr. Samuel Chandanappally
Prof: C. J. Mannummood
Mr. Abraham Zacharia
Mr. Mathew Sankarathil
Mr. O. A. Mathew
Very Rev. Dr. N. J. Thomas Ramban (Chief Editor)
Rev. Fr. T. G. Zacharia (Manager)


## ഈ ലക്കത്തിൽ


* പ. ബാവാ തിരുമനസ്സിലെ 12-ാം സ്ഥാനാഭിഷേക വാർഷികം തിരുവനന്തപുരത്ത് ആഘോഷിച്ചു
* പരുമല തിരുമേനി മലങ്കരയുടെ മഹാപരിശുദ്ധൻ
* സന്യാസാത്മികത, സഭയുടെ നവോത്ഥാനത്തിന്
* ബൈബിൾ നാമകോശം
* ശാസ്ത്രത്തെ വെല്ലുവിളിക്കുന്ന കേത്താനാപ്പട്ട്
* ഇൻഡ്യൻ ഓർത്തഡോക്സ് സഭയും സാമ്പത്തിക....
* സംശയങ്ങൾ ചോദിക്കുക
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* പ. പരുമല തിരുമേനിയുടെ ഒരു നൂററാണ്ടു പഴക്കമുള്ള ഒരു കല്പന
* സഭാ മാനേജിംഗ് കമ്മററി
* സഭാവാർത്തകൾ
* ബൈബിൾപഠനം


## പ. ബാവാ തിരുമനസ്സിലെ 12-ാം സ്ഥാനാഭിഷേക വാർഷികം

പ. കാതോലിക്കാബാവാ തിരുമനസ്സിലെ 12-ാം സ്ഥാനാഭിഷേക വാർഷികം ഒക്ടോബർ 27-ാം തീയതി തിരുവനന്തപുരം സെ. ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ പള്ളിയിൽവച്ച് ആഘോഷിച്ചു. രാവിലെ നിയുക്തകാതോലിക്കാ മാത്യൂസ് ക്ലീമീസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. അഞ്ചിന്മേൽ കുർബ്ബാന അർപ്പിക്കപ്പെടുകയും പ. ബാവാ തിരുമേനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. തുടർന്നു ചേർന്ന അനുമോദന സമ്മേളനത്തിൽ ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ ആദ്ധ്യക്ഷം വഹിച്ചു. മാർ ക്ലീമീസ് തിരുമേനിയും പി. എസ്. സി. മെമ്പർ ഏ. കെ. തോമസും പ. ബാവാതിരുമേനിക്ക് അനുമോദനങ്ങൾ നേർന്നു പ്രസംഗിച്ചു. ഇസ്രായേൽക്കാരുടെ നായകനായ മോശയുടെ കൈകൾ ഉയർന്നിരുന്നപ്പോൾ ഇസ്രായേൽക്കാർ അമാലേക്യരുമായുള്ള യുദ്ധത്തിൽ വിജയം നേടുകയും അവ താഴ്ന്നപ്പോൾ അവർക്കു പരാജയം സംഭവിക്കുകയും ചെയ്ത വേദപുസ്തകഭാഗം ഉദ്ധരിച്ചുകൊണ്ട് മാർ ക്ലീമീസ് തിരുമേനി പറഞ്ഞു: മോശയുടെ കൈകൾ ക്ഷീണിച്ച അവസരത്തിൽ അഹറോനും ഹൂരും തന്റെ ഇരുവശങ്ങളിലുംനിന്ന് കൈകൾ ഉയർത്തിപ്പിടിച്ചതുപോലെ നമ്മുടെ സഭയുടെ നായകനായ പ. ബാവാ തിരുമനസ്സിലെ കൈകൾ എപ്പോഴും ഉയർന്നിരിക്കത്തക്കവണ്ണം സഭാംഗങ്ങളായ എല്ലാവരും അദ്ദേഹത്തിന് താങ്ങും തണലുമായി പ്രവർത്തിക്കണമെന്നും, പ. ബാവായുടെ ശക്തമായ നേതൃത്വം സഭയ്ക്കു വിലപ്പെട്ടതാണെന്നും അതു തുടർന്നു ധാരാളമായി സഭയ്ക്കു ലഭിക്കുന്നതിന് എല്ലാവരും പ. പിതാവിനുവേണ്ടി പ്രാർത്ഥിക്കണം എന്നും. പ. ബാവാതിരുമനസ്സിലെ നേതൃത്വത്തിൽ കഴിഞ്ഞ 12 വർഷങ്ങൾക്കിടയിൽ മലങ്കരസഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പററിയും തിരുമേനി ചുരുക്കമായി പ്രസ്താവിച്ചു.

അഭിവന്ദ്യ ക്ലീമീസ് തിരുമേനി അദ്ദേഹം പ്രാതിനിധ്യം വഹിക്കുന്ന സംഘടനകൾക്കു വേണ്ടിയും, ദീയസ്കോറോസ് തിരുമേനി ഭദ്രാസനത്തിനുവേണ്ടിയും സമുദായ സെക്രട്ടറി പോൾ മത്തായി സഭാമാനേജിംഗ് കമ്മററിക്കുവേണ്ടിയും ഫാ. അലക്സാണ്ടർ വൈദ്യൻ ഇടവകയ്ക്കുവേണ്ടിയും പി. സി. യോഹന്നാന്നാൻ റമ്പാൻ കോട്ടയം ഭദ്രാസനത്തിനുവേണ്ടിയും പ. ബാവായെ ഹാരാർപ്പണം

ക്കൂടാത്ത സേവനവുമാണ് വേണ്ടിയിരിക്കുന്നത്. ഇവ ഉണ്ടായിരുന്നാൽ മാത്രമേ നമ്മെ വിളിച്ചവൻെറ സൽഗുണങ്ങളെ ഘോഷിപ്പാൻ സഭയ്ക്ക് സാധിക്കയുള്ളു. മാന്യമായും സുഖമായും ജീവിക്കുന്നതിലപ്പുറമായി എന്തെങ്കിലും കഷ്ടത സ്വയം വരിക്കുന്നതിനുള്ള ദർശനമുള്ള സഭാംഗങ്ങൾ കുറവാണ്. അതിനാൽ അവിവാഹിത പട്ടക്കാരിലും സന്യാസിമാരിലും ഈ മനോഭാവം തന്നെ പലപ്പോഴും കണ്ടുവരുന്നതിൽ അതിശയിക്കാനുമില്ല. ആഡംബരങ്ങൾക്കും മദ്യപാനത്തിനും മയക്കുമരുന്നുകൾക്കും പണം ചെലവാക്കുകയും ദശാംശം വേർതിരിക്കാതിരിക്കുകയും ചെയ്യുന്ന താണ നിലവാരത്തിൽനിന്ന് നാം ഉയരേണ്ടിയിരിക്കുന്നു.

നമ്മുടെ സഭയിൽ അവിവാഹിതരായ അയ്മേനികളിലും പട്ടക്കാരിലും സന്യാസിമാരേക്കാൾ സ്വയശിക്ഷണവും സ്വയപരിത്യാഗസ്നേഹവുമുള്ളവരുണ്ടെന്നുള്ള സത്യം പ്രത്യേകം പ്രസ്താവ്യമാണ്. അവിവാഹിത പട്ടക്കാരും സന്യാസിമാരും അവരിൽനിന്ന് പ്രചോദനം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

അടുത്തകാലത്ത് ചില സന്യാസസമൂഹങ്ങളിൽപെട്ടവരും അല്ലാത്തവരുമായ അവിവാഹിത പട്ടക്കാരെ റമ്പാന്മാരാക്കിയല്ലൊ. സ്വയശിക്ഷണത്തിലും സ്വയപരിത്യാഗസ്നേഹത്തിലും നിറഞ്ഞ് സഭയ്ക്ക് ആകമാനം പ്രചോദനം നൽകുവാനുള്ള ആസ്ഥാനമായി അവർ അതു സ്വീകരിക്കുന്നെങ്കിൽ സഭയ്ക്ക് ആകമാനമുള്ള ആത്മീയ നവോത്ഥാനത്തിന് ഒരളവിൽ അവർ സഹായകരമാകും. അങ്ങനെ ചെയ്യില്ലെങ്കിൽ കേവലം സ്ഥാനമാനങ്ങൾക്കു വേണ്ടിയാണിതെന്ന ചിന്ത സാധാരണജനങ്ങളിലുണ്ടാകുകയും ചെയ്യും.

വെല്ലൂരാശുപത്രിയുടെ സ്ഥാപകയായിരുന്ന ഐഡസ്കഡർ അവിവാഹിത ജീവിതത്തിനായി തന്നെത്തന്നെ സമർപ്പിച്ചത് ഇത്തരുണത്തിൽ സ്മരണീയമാണ്. ലേഡി ഡോക്ടറന്മാരെ ലഭിക്കാത്തതിനാൽ പ്രസവത്തിൽ സ്ത്രീകൾ മരിക്കുന്നതായി കണ്ട് ലേഡീഡോക്ടറന്മാരെ പരിശീലിപ്പിക്കുന്നതിനുള്ള കോളേജിനുവേണ്ടി അവർ സ്വന്ത ജീവിതം അർപ്പിച്ചു. ഇതുപോലെ വിവിധ രംഗങ്ങളിൽ ക്രിസ്തുവിൻെറ സ്നേഹം പകർന്നുകൊടുക്കുന്നതിനുവേണ്ടി സന്യാസജീവിതത്തിലേക്ക് അനേകർ വരേണ്ടിയിരിക്കുന്നു.

''ഞാൻ ആരെ അയയ്ക്കേണ്ടു? ആര് നമുക്കുവേണ്ടി പോകും?' എന്ന കർത്താവിൻെറ ചോദ്യം കേട്ട് 'അടിയനിതാ അടിയനെ അയയ്ക്കേണമെ' എന്ന് (യെശ. 6:8) പറയുന്ന സന്യാസിനിസന്യാസിമാർ ധാരാളമായി സഭയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.


CENTURY AGENCY
AMBASSADOR CORPORATION

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.




# ബൈബിൾ നാമകോശം

Rev. Fr. DANIEL N. VARGHESE – M. A. B. Ed., (M. A. Th.)

### 109. എലീഹൂ O. T.

ഇയ്യോബിൻെറ ഒരു ഉപദേഷ്ടാവ്. ഇയ്യോബിനേയും അവൻെറ മൂന്നു സ്നേഹിതന്മാരേയും ദൈവനീതിക്കെതിരായി പ്രവർത്തിച്ചതിനാൽ ശാസിച്ചയാൾ. (ഇയ്യോബ് 32–37)

### 110. എലെയാസാർ O. T.

i) അഹരോൻെറ മൂന്നാമത്തെ മകൻ, അഹരോനുശേഷം മഹാപുരോഹിതനായി. (സംഖ്യ 20:28)

ii) ദാവീദിൻെറ സൈന്യത്തിലെ ഏററം ശക്തരായിരുന്ന മൂന്നുപേരിൽ ഒരുവൻ. (2 ശമുവേൽ 23:9)

### 111. എല്ക്കാനാ O. T.

ശമുവേലിൻെറ പിതാവ്. (1 ശമുവേൽ 1:1)

### 112. എൽദാദ് O. T.

മോശയിൽക്കൂടെ ദൈവത്തിൻെറ ആത്മാവിനെ പ്രാപിച്ച ഇസ്രായേല്യ മൂപ്പന്മാരിൽ ഒരുവൻ. (സംഖ്യ 11:26–29)

### 113. എല്യാക്കീം O. T.

ഹില്ക്കിയാവിൻെറ മകൻ ഹിസ്ക്കിയാ രാജാവിൻെറ ഗൃഹത്തിലെ മേൽനോട്ടക്കാരൻ. വളരെ സ്വഭാവമാഹാത്മ്യമുള്ള നല്ല മനുഷ്യൻ. അശ്ശൂർ രാജാവായിരുന്ന സൻഹേരീബിൻെറ സൈന്യങ്ങൾ യെരുശലേമിൻെറ വാതിലുകൾ വളഞ്ഞപ്പോൾ രാജാവിൻെറ പക്ഷത്തുള്ള നേതാക്കന്മാരെ കണ്ടു സംസാരിപ്പാനായി തെരഞ്ഞെടുക്കപ്പെട്ട മൂന്നു പ്രതിനിധികളിൽ ഒരാൾ. യെശയ്യാ ദീർഘദർശി ഇദ്ദേഹത്തെപ്പററി വളരെ പ്രശംസിച്ച സംസാരിച്ചിട്ടുണ്ട്. മിശിഹായ്ക്കടുത്ത ഒരു സ്ഥാനംതന്നെ ഇദ്ദേഹത്തിന് യെശയ്യാ കൊടുക്കുന്നു. (2 രാജാ. 18:18; യെശയ്യാ 22:20–25)

### 114. എലേസ്യർ O. T.

i) അബ്രഹാമിൻെറ ഭൃത്യൻ. ദമ്മേശെക്കുകാരൻ. (ഉല്പത്തി 15:2)

ii) മോശയുടെയും സിപ്പോറായുടെയും രണ്ടാമത്തെ മകൻ. (പുറപ്പാട് 18:4)

### 115. എസ്ഥേർ O. T.

രൂപവതിയും സുമുഖിയുമായിരുന്ന ഒരു യഹൂദവനിത. അപ്പനും അമ്മയും മരിച്ചശേഷം പിതൃസഹോദരപുത്രനായ മൊർദ്ദെഖായി അവളെ പേർഷ്യൻ നഗരമായ സൂസയിൽ വളർത്തി. പേർഷ്യൻ രാജാവായ അഹശ്വേരോശ് അവളെ വിവാഹം കഴിച്ച് തൻെറ രാജ്ഞിയാക്കി. അവളുടെ ധൈര്യം, സ്നേഹം, സ്വന്തജനങ്ങളോടുള്ള ഭക്തി സ്വവർഗ്ഗക്കാരെ സംരക്ഷിക്കുന്നതിനു കാണിക്കുന്ന വ്യഗ്രത ഇവയെല്ലാം കാണിക്കുന്ന കഥ പഴയനിയമത്തിലെ ഒരു മനോഹര ഗ്രന്ഥമാണ്. (എസ്ഥേർ 2:7)

### 116. എസ്രാ O. T.

പേർഷ്യയിൽ ജീവിച്ചിരുന്ന ഒരു യഹൂദ പുരോഹിതനും വേദപുസ്തക പണ്ഡിതനും. പേർഷ്യൻ രാജാവായിരുന്ന അർത്ഥഹ്ശഷ്ടാവിൽ നിന്നും അനുമതി കിട്ടി. ഒരു സംഘം യഹൂദന്മാരോടുകൂടി ബാബേലിൽ നിന്നും യെരുശലേമിൽ എത്തി. യെരുശലേമിൻെറ ഭിത്തികൾ വീണ്ടും പണിതുയർത്തുന്നതിനും മോശയുടെ നിയമങ്ങൾ വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും ശ്രമിച്ചു. (എസ്രാ 7:1–10)

### 117. ഏദോം O. T.

ജ്യേഷ്ഠാവകാശം സഹോദരനായ യാക്കോബിന് വിററുകഴിഞ്ഞ സമയം മുതൽ ഏശാവിനു ലഭിച്ച പേര്. ഏദോം എന്നാൽ 'ചുവന്നവൻ' എന്നർത്ഥം. ചുവന്ന പായസം യാക്കോബിനോടു ചോദിച്ചതുകൊണ്ട് ഇങ്ങനെ പേരു കൊടുത്തു. (ഉല്പത്തി 25:30)

### 118 ഏദോമ്യർ O. T.

ഏശാവിൻെറ അല്ലെങ്കിൽ ഏദോമിൻെറ പിൻഗാമികൾ. ഏശാവും യാക്കോബും തമ്മിലുണ്ടായ

---

അവിവാഹിത പട്ടക്കാരിലും സന്യാസിമാരിലും റമ്പാന്മാരിലും അത്യദ്ധ്വാനം ചെയ്യുന്നവർ നമ്മുടെ സഭയിലുണ്ടെന്നുള്ളതും ഒരു സത്യമാണ്. അവരുടെ സംഖ്യ വർദ്ധിക്കേണ്ടിയിരിക്കുന്നു. ഇവരിലെ തണ്ടപ്പന്മാർ സന്യാസപ്രസ്ഥാനത്തിൻെറ വിലങ്ങുതടികളുമാണ്.

വി. സഭയിൽ എല്ലാവർക്കും പൊതു പൗരോഹിത്യവും തെരഞ്ഞെടുത്ത ചിലർക്ക് പ്രത്യേക പൗരോഹിത്യവുമുള്ളതുപോലെ എല്ലാവർക്കും പൊതുവായ സന്യാസാത്മികതയും പ്രത്യേകം സമർപ്പിക്കുന്നവർക്ക് പ്രത്യേകമായ സന്യാസാത്മികതയും ഉണ്ടായിരിക്കേണ്ടതാണ്.

# ശാസ്ത്രത്തെ വെല്ലുവിളിക്കുന്ന കേത്താനാപ്പട്ട് (LINEN)

നമ്മുടെ കർത്താവിൻെറ മരണാനന്തരം നടന്ന സംസ്കാരച്ചടങ്ങിൽ മൃതശരീരം സുഗന്ധവർഗ്ഗങ്ങൾ പൂശി കേത്തനാപ്പട്ടിൽ പൊതിഞ്ഞ് കല്ലറയിൽവച്ചതായാണ് വി. ബൈബിളിൽ നിന്നും നമുക്ക് ലഭിക്കുന്ന അറിവ്. രണ്ടായിരത്തോളം വർഷം പഴക്കമുള്ള ഈ ലിനൻ വസ്ത്രം കേടൊന്നും സംഭവിക്കാത്തനിലയിൽ ഇന്നും ഫ്രാൻസിലെ ട്യൂറിൻ (TURIN) നഗരത്തിലെ ഒരു ദേവാലയത്തിൽ കർദ്ദിനാളന്മാരിൽ ഒരുവൻെറ നിയന്ത്രണത്തിലിരിക്കുന്നുവെന്ന് കേട്ടാൽ അധികമാരും വിശ്വസിക്കുമെന്ന് തോന്നുന്നില്ല. യറുശലേമിൽ പുണ്യസ്ഥലങ്ങളും കർത്താവിൻെറ നാമത്തോടനുബന്ധിച്ചുള്ള പുരാവസ്തുക്കളും പലയിടങ്ങളിലുമുണ്ടെങ്കിലും ഒരു പ്രത്യേക പട്ടികയിൽ ഇതിനെ ഉൾപ്പെടുത്തേണ്ടതായിട്ടുള്ള അവസ്ഥയാണ് ഇന്ന് നിലവിലിരിക്കുന്നത്. ഒന്നാം നൂററാണ്ടിലും രണ്ടിൻെറ തുടക്കത്തിലും അത്ഭുതങ്ങൾ ക്രൈസ്തവസഭയിൽ നടന്നിട്ടുണ്ടെന്ന് ചരിത്രകാരന്മാരും പ്രാധാന്യമർഹിക്കുന്ന പല വേദഗ്രന്ഥങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ട്. എന്നാൽ ഈ ലിനൻ വസ്ത്രത്തോടനുബന്ധിച്ചുള്ള അത്ഭുത പ്രതിഭാസങ്ങൾ ലോകത്ത് മറെറാരിടത്തും ദർശിക്കാൻ കഴിയുകയില്ലെന്നുള്ള വസ്തുത ഒരു നഗ്നമായ പരമാർത്ഥം തന്നെയാണ്. തന്നെയുമല്ല വിദേശപ്പണക്കൊതികൊണ്ട് കൃത്രിമമായി പുണ്യസ്ഥലങ്ങൾ പലയിടത്തും നിർമ്മിച്ച് വേഷം കെട്ടിച്ചപ്പോൾ ഈ വസ്ത്രത്തിന് ബദലായി ലോകത്തിൻെറ ഏതെങ്കിലും ഭാഗത്ത് ഇങ്ങനെയൊന്നുള്ളതായി കേട്ടുകേൾവി പോലുമില്ല. ബദലുകൾ ഒന്നുമില്ലാത്തനിലയ്ക്ക് യാതൊരു സംശയത്തിനും ഇടനൽകുന്ന ഒന്നല്ലിത്.

കർത്താവ് ഉയിർത്തെഴുന്നേററയുടനെ സമീപത്തുണ്ടായിരുന്ന പുരോഹിതൻെറ വേലക്കാരന് ഈ വസ്ത്രം നൽകിയ ശേഷം യാക്കോബിന് പ്രത്യക്ഷപ്പെട്ടതായി ചില വേദഗ്രന്ഥങ്ങളൊക്കെ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതവിടെ നിന്ന് കൈമറിഞ്ഞ് ട്യൂറിൻ നഗരത്തിൽ എങ്ങനെയെത്തിയെന്ന് ആർക്കും ഒരെത്തും പിടിയുമില്ലാതെ അവശേഷിക്കുകയാണ്. അതിൻെറ യാത്രയുടെ ഏററവുമവസാനത്തെ ഏതാനും കണ്ണികൾ മാത്രമേ ഇന്നിപ്പോൾ ലഭ്യമായിട്ടുള്ളു. 14–ാം നൂററാണ്ടിൽ ഫ്രാൻസിലെ ലിറി (LIREY) എന്ന സ്ഥലത്തുള്ള പ്രാമാണികനായ ഒരു പട്ടാളഉദ്യോഗസ്ഥൻെറ കൈവശം ഇതു വന്നപ്പോഴാണ് ഇതിനെപ്പററി പിന്നെ ലോകം കേൾക്കുന്നത്. അതിനുശേഷം ഫ്രാൻസിലെ, സാവോയിലേക്കും (SAVOY) പിന്നെ 1578-ൽ ഫ്രാൻസിലെ തന്നെ ട്യൂറിൻ പട്ടണത്തിലുള്ള കത്തോലിക്കാ ദേവാലയത്തിലേക്കും ഇതു് പോകുകയാണുണ്ടായത്. ഇന്നും ലോകമെമ്പാടുമുള്ള ക്രൈസ്തവർ– മുന്തിയ ശാസ്ത്രജ്ഞന്മാർ പോലും– അത്യാദരവോടെ ഇതിനെ വീക്ഷിച്ചു പോരുകയാണ്.

ശാസ്ത്രജ്ഞന്മാരിൽ മിക്കവരും ഇത്ര ആദരവ് ഇതിനോട് കാട്ടാൻ കാരണം ഇന്നേവരെ വിശദീകരിക്കാൻ കഴിവില്ലാത്ത ഏതാനും അത്ഭുത പ്രതിഭാസങ്ങൾ ഇതിൻെറ പിന്നിലുണ്ടെന്നുള്ളതു തന്നെ. ഈ വസ്ത്രത്തിൽ പല സ്ഥലത്തും രക്തക്കറ പുരണ്ടതുനിമിത്തം ഒരു മൃതശരീര ചിത്രം അതിൽ രൂപം കൊണ്ടിട്ടുള്ളതായി പ്രഥമ ദൃഷ്ടിയിൽ ആർക്കും കാണാനാവും. ഈ ചിത്രത്തിലെ മനുഷ്യരൂപത്തിൽ ആണികൾ തറച്ച് രക്തം വാർന്ന മുറിവുകളും അടിമുതൽ



മുടിവരെ നിർദ്ദയതാഡനം കൊണ്ടുണ്ടായ രക്തസ്രവവും എടുത്തു കാട്ടുന്നുണ്ട്. ആകപ്പാടെ ഈ ചിത്രം കാണുന്ന ഏതൊരുവനും കുരിശിൽ തറയ്ക്കപ്പെട്ട ഒരു മൃതശരീരം ഇറുക്കത്തിൽ പൊതിഞ്ഞിരുന്ന ഒരു വസ്ത്രമാണിതെന്ന് തോന്നുക തന്നെ ചെയ്യും. ഈ ലിനൻ വസ്ത്രത്തിൽ ആൾ രൂപം പതിഞ്ഞിരിക്കുന്ന സ്ഥലത്തിന് നൂററാണ്ടുകൾ കൊണ്ട് സൂര്യപ്രകാശം, വായു ഇവയുടെ സമ്പർക്കത്തിൽ ആദ്യനിറം നഷ്ടപ്പെട്ട് മഞ്ഞനിറം ലഭിച്ചിരിക്കുന്നതായും കാണാനാവും.

ഈ വസ്ത്രത്തിൻെറ ഇരുവശങ്ങളിലും ആൾരൂപം കാണാമെന്നുള്ളതും, ഒരു നിഴൽ കണക്കെ മാത്രമാണ് ഇതു് അതിൽ സ്ഥിതി ചെയ്യുന്നതു് എന്നുള്ള വസ്തുതയും വിശദീകരിക്കാൻ പാടില്ലാത്ത രണ്ടു സവിശേഷതകളായി നിലകൊള്ളുകയാണ്. നൂലിഴകളിൽ നിന്ന് പൊന്തി നില്ക്കുന്ന അതിലോലമായ നൂൽ തുമ്പുകളിൽ മാത്രമെ ഈ ചിത്രം സ്ഥിതി ചെയ്യുന്നുള്ളു എന്നതുകൊണ്ട് മററ് സാധാരണ ചിത്രങ്ങളിൽ നിന്ന് ഇത് വേർപെട്ട് നില്ക്കുക തന്നെ ചെയ്യുന്നു. ഫോട്ടോ എടുക്കുന്ന സമ്പ്രദായം നിലവിൽ വരുന്നതിന്

## ഫാദർ തോമസ്, ചക്കിട്ടടം

നൂററാണ്ടുകൾക്ക് മുൻപുള്ള ഒരു പുരാവസ്തുവാകകൊണ്ട് ആ വഴിയ്ക്കൊന്നും ഇതിനെപ്പററി ചിന്തിക്കാനും വക കാണുന്നില്ല.

1898–ലും അതിനുശേഷവും ഈ ചിത്രത്തിൻെറ ഫോട്ടോയെടുക്കാൻ ശ്രമിച്ചപ്പോഴൊക്കെ പ്ലെയിററിൽ നെഗററീവ് (NEGATIVE) ചിത്രം ലഭിക്കുന്നതിനു പകരം ഒരു മൃതദേഹത്തിൻെറ തെളിഞ്ഞ പോസിററീവ് (POSITIVE) രൂപം ലഭിച്ചിട്ടുണ്ടെന്നുള്ളതും വേറൊരത്ഭുത പ്രതിഭാസം തന്നെയുമാണ്. ക്യാമറ ഉപയോഗിച്ച് ഏതെങ്കിലും ഒന്നിൻെറ ഫോട്ടോ എടുക്കുന്ന ഒരുവന് ആദ്യം പ്ലെയിററിൽ ലഭിക്കുക നെഗററീവ് ചിത്രം മാത്രമാണ്. അതു് വേണ്ടത്ര വ്യക്തമല്ലാത്ത ഒന്നായിരിക്കുമെന്നുള്ള വസ്തുതയും ഏവർക്കും അറിവുള്ളതുതന്നെയത്രെ. പക്ഷേ ക്യാമറായിൽ നേരിട്ട് തെളിഞ്ഞ ഒരു പോസിററീവ് ചിത്രം ഈ ലിനൻ വസ്ത്രത്തിൽ നിന്ന് ലഭിക്കുമെന്ന് പറഞ്ഞാൽ അതു് നെഗററീവ് ആയി പെരുമാറുന്ന ഒന്നാണെന്ന് ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. ഈ ആൾരൂപം ഇങ്ങനെ വർത്തിക്കാനുള്ള കാരണം നിഗൂഢം തന്നെ. ശാസ്ത്രലോകത്തിനെതിരെ ഒരു വെല്ലുവിളിയായി ഇന്നും ഇതു് നിലകൊള്ളുകയാണ് ചെയ്യുന്നതു്. ഇത്ര

---

പകയുടെ ഫലമായി ഏദോമ്യർ എപ്പോഴും ഇസ്രായേൽക്കാരുടെ ശത്രുക്കളായിരുന്നു. (ഉല്പത്തി 36:9)

### 119. ഏലാ O. T.

ഇസ്രായേൽ രാജാവായ ബയെശയുടെ മകനും പിൻഗാമിയും. രണ്ടു കൊല്ലം വാണു. കുടിച്ചു ലഹരി പിടിച്ചിരുന്നപ്പോൾ തൻെറ ഭൃത്യനും രഥങ്ങളുടെ ക്യാപ്ററനുമായിരുന്ന സിമ്രിയാൽ വധിക്കപ്പെട്ടു. (1 രാജാ. 16:8–10)

### 120. ഏലാമ്യർ O. T.

പേർഷ്യൻ ഗൾഫിനടുത്ത് ഏലാം എന്ന പ്രദേശത്തു ജീവിച്ചിരുന്നവർ. (എസ്രാ 4:9)

### 121. ഏലി O T.

ഇസ്രായേല്യരുടെ മഹാപുരോഹിതനും ന്യായാധിപനുമായിരുന്നവൻ. ദൈർഘ്യമേറിയ, വിശ്വസ്തതയോടുകൂടിയ തൻെറ സേവനത്തിന് അവൻെറ പുത്രന്മാരായ ഹോഫ്നിയുടെയും ഫിനഹാസിൻെറയും ബലഹീനതകൾ മൂലം കളങ്കമുണ്ടായി. ദൈവത്തിൻെറ പെട്ടകം ഇസ്രായേൽക്കാരിൽ നിന്നും ഫെലിസ്ത്യർ കൈവശപ്പെടുത്തിയതിൻെറ പ്രധാന ഉത്തരവാദികൾ ഈ രണ്ടു പുത്രന്മാരായിരുന്നു. 98 വയസ്സിൽ മരിച്ചു. (1 ശമുവേൽ 1:9)

---

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



അവറാച്ചൻ, കുഞ്ഞുമോൾ, അന്ന, അജു.

## ബേസിൽ വാർത്തകൾ

# ※ മലങ്കരയുടെ വലിയ ബസ്സേലിയോസ് ※

(വില: Rs. 15) by ജോയൻ കുമരകം

ബേസിൽ പബ്ലിക്കേഷൻസി (ന്യൂയോർക്ക്) ന്റെ പ്രഥമഗ്രന്ഥം ആയ മലങ്കരയുടെ 'വലിയ ബസ്സേലിയോസ്' പ്രസിദ്ധീകരിച്ചു.

### ഉടൻ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ

1. FASTS, FEATS & FESTIVALS
   By H. G. Mar Barnabas Metropolitan
2. BOOKS OF THE BIBLE – By Rev. Fr. P. S. Samuel
3. പരുമല തിരുമേനിയുടെ കഥ – ,, ജോയൻ കുമരകം
4. മാർ തെവോദോസ്യോസ് – ,, ഡോ. സാമുവേൽ ചന്ദനപ്പള്ളി

## മലങ്കരയുടെ വലിയ ബസ്സേലിയോസ്

(കാലംചെയ്ത പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമനസ്സിലെ സചിത്ര ജീവചരിത്ര ഗ്രന്ഥം)

പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവ, നിയുക്ത കാതോലിക്കോസ് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, തുമ്പമൺ ഭദ്രാസനാധിപൻ ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ എന്നീ പിതാക്കന്മാരുടെ ആശീർവാദകല്പനകൾ, ഡോ. സാമുവേൽ ചന്ദനപ്പള്ളിയുടെ പഠനാർഹമായ അവതാരിക, പ. ബാവാ തിരുമനസ്സിലെ ജീവിതത്തോടു ബന്ധപ്പെട്ട മുപ്പതിൽ പരം ചിത്രങ്ങൾ. ഇവയെല്ലാം ഈ ഗ്രന്ഥത്തിന് കൂടുതൽ ചൈതന്യം പകർന്നിരിക്കുന്നു.

Copies may be obtained from:

In India: M. G. O. C. S. M. BOOK SHOP
Orthodox Student Centre
C. M. S. College Jn.
KOTTAYAM-686001

In U. S. A.– St. Basil Publications Inc., 7702 Roosevelt Ave,
Jackson Hts. Newyork-11372.



# ഇൻഡ്യൻ ഓർത്തഡോക്സ് സഭയും സാമ്പത്തിക–സാമൂഹ്യരംഗവും

റൈററസ് വർക്കി, പ്രിൻസിപ്പൽ, കെ. ജി. കോളജ്, പാമ്പാടി

13–ാം ശതകത്തിൽ ഇൻഡ്യയിലെത്തിയ വിദേശ മിഷണറികൾ കണ്ട ഇൻഡ്യൻ ക്രൈസ്തവസഭ ഏകവും ഐക്യമുള്ളതും ഹിന്ദുമുസ്ളീം മതങ്ങളുമായി യോജിപ്പിൽ കഴിഞ്ഞതുമായിരുന്നു. എന്നാൽ പിൽക്കാലത്ത് പടിഞ്ഞാറൻ സഭകളുടെ കടന്നാക്രമണം മൂലം ഇൻഡ്യയിലെ ആ പഴയ ക്രൈസ്തവസഭ ഭിന്നിച്ച് സെൻറ് തോമസ് ക്രിസ്ത്യാനികൾ ഇന്ന് 15–ൽപരം സഭകളായിത്തീർന്നു.

അസാധാരണമായ ക്ഷമയും സമാധാനവും സഹവർത്തിത്വവും വെച്ചുപുലർത്തിയിരുന്ന ഈ ക്രൈസ്തവ വിഭാഗങ്ങളുടെ കഴിഞ്ഞ 50 വർഷത്തെ ചരിത്രം പരിശോധിച്ചാൽ കാലക്രമത്തിൽ അവർ മററു മത

---

വലിയ സാങ്കേതിക സവിശേഷതകളുള്ള ഈ ചിത്രത്തിൽ കലാകാരന്മാരുടെ കൈകളുണ്ടെന്ന് വിശ്വസിക്കാനും ഒരുമാർഗ്ഗവും കാണുന്നില്ല. ചിത്രകാരന്മാരുപയോഗിക്കുന്ന നിറക്കൂട്ടുകളൊന്നും അവിടെക്കാണുന്ന ചിത്രത്തിൽ നിന്നും വേർപെടുത്തിയെടുക്കാൻ ശാസ്ത്രജ്ഞന്മാർക്ക് ഇന്നുവരെ കഴിയാതെ പോയതാണ് കാരണം. വസ്ത്രത്തിലെ ആൾ രൂപത്തിൽ കാണപ്പെടുന്നത് സാക്ഷാൽ മനുഷ്യരക്തം തന്നെയാണെന്ന് രാസപരിശോധനയിൽ അവസാനം തെളിയുകയുംചെയ്തു. മനുഷ്യരക്തം കൊണ്ട് കലാകാരന്മാർ ചിത്രരചനയ്ക്കൊരുങ്ങുക പതിവുള്ള കാര്യവുമല്ലല്ലോ.

ഇതിനെക്കാളൊക്കെ കാഴ്ചക്കാരിൽ വിസ്മയമുളവാക്കുന്ന വേറൊരു വസ്തുത കൂടിയുണ്ട് –അതിന്റെ ത്രിമാനസ്വഭാവം. (THREE DIAMENSIONAL CHARACTER) ചിത്രങ്ങൾക്കെല്ലാം നീളം വീതി ഇവ മാത്രമുള്ളപ്പോൾ ഇതിന് ഘനമുള്ളതായും തോന്നുന്നത് അത്ഭുതമല്ലേ? അതായത് നേരിൽ ഒരു മൃതശരീരം ദർശിക്കുന്ന അനുഭൂതിയാണ് കാഴ്ചക്കാരിൽ ഇത് ഉളവാക്കുക. ഇങ്ങനെ സംഭവിക്കാനുള്ള കാരണവും ദുർഗ്രാഹ്യമത്രെ.

ഈ വസ്ത്രത്തിലെങ്ങനെയോ മെഡിററേനിയന് കിഴക്കുള്ള (പലസ്ത്യൻ നാടിനു ചുററുമുള്ള) സ്ഥലങ്ങളിൽ മാത്രം ലഭ്യമാവുന്ന പുഷ്പങ്ങളിലെ പൂമ്പൊടി പററിപ്പിടിച്ചിരിക്കുന്നതായും നേരത്തെ തന്നെ ശാസ്ത്രജ്ഞന്മാർ സൂചിപ്പിച്ചിരുന്നു. ഇതും ഈ വസ്ത്രം എവിടെ നിന്നെന്ന് ഊഹിക്കാൻ നമ്മെ വളരെയേറെ സഹായിക്കുന്നുണ്ട്.

ഇവയെപ്പററിയെല്ലാം വ്യക്തമായ നിഗമനങ്ങളിൽ എത്തിച്ചേരാനും ആഴത്തിലിവയെപ്പററി പഠനം നടത്താനുമായി അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി ആദിയായ രാജ്യങ്ങളിലെ വിവിധ ശാസ്ത്രത്തുറകളിൽ പ്രവർത്തിക്കുന്ന അറുപതോളം ശാസ്ത്രജ്ഞന്മാർ ഒന്നിച്ച് അടുത്ത ഒക്ടോബറിൽ ട്യൂറിനിലെത്തുന്നുണ്ട്. അവർ വിവിധങ്ങളായ സങ്കീർണ്ണ പരീക്ഷണങ്ങൾ നടത്താനും തീരുമാനിച്ചിരിക്കുകയാണ് അതിലൊന്നു മാത്രമാണ് ഈ വസ്ത്രത്തിന്റെ കാലപ്പഴക്കം നിർണ്ണയിക്കുന്ന കാർബൺ 14 (Carbon–14) പരീക്ഷണം. റേഡിയേഷൻ രശ്മികളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കാനുപയോഗിക്കുന്ന ''ജീജർ കൗണ്ടർ'' (GIEGER COUNTER) ന്റെ സഹായത്തോടെയാണ് പരീക്ഷണം നടത്തുക. ഇതുകൊണ്ട് കിറുകൃത്യമായി കാലപ്പഴക്കം നിർണ്ണയിക്കുക വിഷമമാണെങ്കിലും ഇതിന്റെ പഴക്കം രണ്ടാം നൂററാണ്ടോടോ മൂന്നിനോടോ അടുത്തുവരുന്നപക്ഷം നമ്മുടെ കർത്താവിന്റെ തിരുശരീരം പൊതിഞ്ഞതാണെന്നു തന്നെ അനുമാനിക്കാനാവും ചില ശാസ്ത്രജ്ഞന്മാർ ഇപ്പോൾ പറയുന്നതുപോലെ ഈ പരീക്ഷണത്തിൽ തെററുകൾ പററാനിടയുണ്ടെങ്കിലും ആ ചിത്രത്തെപ്പററിയുള്ള മററു സവിശേഷതകൾക്ക് ഇതിനൊത്തു കൂടുന്നവർ എന്തുത്തരം നൽകുമെന്നാണ്, ലോകമെങ്ങും മുഴങ്ങികേൾക്കുന്ന ചോദ്യം. 14 അടി നീളമുള്ള ഈ ലിനൻ വസ്ത്രത്തിലെ അത്ഭുത പ്രതിഭാസങ്ങൾക്കുള്ള വിശദീകരണങ്ങൾ ലഭിക്കാൻ വേണ്ടി 1988 മേയ് മാസം വരെ നമുക്ക് കാത്തിരിക്കേണ്ടി വന്നേക്കും. അന്നവർ അവരുടെ നിഗമനങ്ങൾ പ്രസിദ്ധീകരിക്കുമെന്നാണ് പറഞ്ഞുകേൾക്കുന്നത്.

നമ്മുടെ കർത്താവിന്റെ അസ്തിത്വത്തിന് വില്ലന്തടിയായി നില്ക്കുന്ന നിരീശ്വരവാദികൾക്ക് ഇതിനെപ്പററിയൊക്കെ എന്തു മറുപടിയാണ് പറയാനുണ്ടാവുക?

(എക്സ്പ്രസ് മാസികയോട് കടപ്പാടണ്ട്)

–o–

വിഭാഗങ്ങളുമായി നല്ല ബന്ധമല്ല പുലർത്തിവരുന്നതു് എന്നു കാണാം. സാമ്പത്തിക സാമൂഹ്യരംഗങ്ങളിലെ പദവികൾക്കവേണ്ടിയുള്ള മാത്സര്യവും അധികാരവാഞ്ഛയുമാണ് ഇതിനു കാരണം.

അതുപോലെതന്നെ ക്രൈസ്തവവിഭാഗങ്ങൾക്കിടയിലുള്ള അകൽച്ച രൂക്ഷമാകുന്നതായും പല പുതിയ വിഭാഗങ്ങളും ഉദയം ചെയ്യുന്നതായും കാണാം. പള്ളികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, ആശുപത്രികൾ എന്നിവ സ്ഥാപിക്കവാനും നടത്തിക്കൊണ്ടുപോകുവാനും ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്കു് നൽകിയ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്തു് തമ്മിലടിക്കുന്നതു കൂടാതെ, പരസ്പരം അജമോഷണത്തിലൂടെ കർത്തൃസേവനം നടത്തുന്നതായും കാണാം.

വലുപ്പത്തിൽ ഇൻഡ്യൻ ഓർത്തഡോക്സ് സഭ ഇന്ന് ഇന്ത്യൻ സഭകളിൽ രണ്ടാം സ്ഥാനത്തു നില്ക്കുന്നു. 21 ഭദ്രാസനങ്ങളിലായി 20 ലക്ഷം അംഗസംഖ്യയുള്ള ഈ സഭയിൽ 1500–ഓളം ഇടവകകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ടു്.

16–ാം നൂറ്റാണ്ടു മുതൽ സ്ഥിരമായി രണാങ്കണത്തിലാണ് ഈ സഭ. 1599–ൽ ഉദയംപേരൂർ സുന്നഹദോസോടുകൂടി ഈ സഭയെ റോമൻ കത്തോലിക്കാസഭകത്തിൻ കീഴിലാക്കാൻ അന്നത്തെ പോർത്തുഗീസ് ഭരണാധികാരികൾ ശ്രമിച്ചപ്പോൾ അതിനെതിരെ പ്രതികരിച്ച സഭാവിശ്വാസികൾ 1653–ലെ കൂനൻകരിശു സത്യംവഴി പിതാക്കന്മാരുടെ പാരമ്പര്യ വിശ്വാസം ഏറ്റുപറഞ്ഞു് ആഴത്തിലുള്ള മുറിവുകളോടെ രക്ഷപെടുകയാണ് ഉണ്ടായതു്.

പിന്നീടു് 19–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബ്രിട്ടീഷ് ഭരണാധികാരികളുടെ സുറിയാനി സഭാസ്നേഹം വീണ്ടും സഭയെ കുഴപ്പത്തിലേക്കു് നയിച്ചു. ക്രിസ്തീയമതപഠനത്തിലൂടെ ആരംഭമിട്ട ആ ബന്ധം വിശ്വാസകാര്യങ്ങളിലേക്കു് കടന്നപ്പോൾ സഭ പ്രതികരിച്ചു. കുറെ സുറിയാനി ക്രിസ്ത്യാനികളെ അടർത്തിയെടുത്തു് സി. എം. എസ്. സഭ രൂപീകരിക്കാൻ വിദേശ മിഷണറികൾക്കു സാധിച്ചു. 1836–ൽ മാവേലിക്കരയിൽ വിളിച്ചുകൂട്ടിയ സമ്മേളനം പടിയോല എന്ന രേഖ അംഗീകരിച്ചു്

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്കു്



ഒരു വിശ്വാസി, കോഹിമ.

സാറാമ്മ വർഗീസ്,
പുലിക്കട്ടിശ്ശേരി.



പി. ഒ. സഖറിയ.

Selbi Mohan.



മിഷണറിബന്ധം അവസാനിപ്പിച്ചു. അജയ്യശക്തിയുള്ള ബ്രിട്ടീഷ് ആധിപത്യത്തിന്റെ പിൻബലത്തോടെ വന്ന മിഷണറിമാരെ നിരായുധരാക്കാൻ മലങ്കരസഭ എടുത്ത കൗശലം–മാവേലിക്കര സമ്മേളനത്തെ സ്മരണാർഹമാക്കി. അന്ത്യോഖ്യാ പാത്രിയർക്കീസിനു് അതുവരെ മലങ്കരസഭയുടെ മേൽ ഇല്ലാതിരുന്ന അധികാരം ഉണ്ടെന്നു പറഞ്ഞതു് ലജ്ജാകരമായിപ്പോയെന്നു മാത്രമല്ല, ഇന്നും യുദ്ധക്കളത്തിൽനിന്നു കയറാൻ നിവൃത്തിയില്ലാത്ത ഒരവസ്ഥയിൽ സഭയെ കൊണ്ടുചെന്നെത്തിച്ചു.

മിഷണറികൾ സഭയിൽ വിതച്ച നവീകരണവിത്തു് മുളച്ചു പ്രബലമായി. പ്രബലമായ പാലക്കുന്നത്തു മെത്രാച്ചനെ നിർവീര്യനാക്കാൻ ദീവന്നാസ്യോസ് 5–ാമന്റെ കാലത്തു് അന്ത്യോഖ്യാ പാത്രിയർക്കീസ് ആയ പത്രോസ് മൂന്നാമനെ നാട്ടിൽ വരുത്തി. അതു് ഗുണത്തേക്കാൾ ഏറെ ദോഷമാണ് ഉളവാക്കിയതു്. ഏബ്രഹാം മൽപ്പാന്റെ നേതൃത്വത്തിൽ ഒരുകൂട്ടം ആളുകൾ കൂടി സഭ വിട്ടു മാർത്തോമ്മാസഭയുണ്ടാക്കി. 1876–ലെ മുളന്തുരുത്തി സുന്നഹദോസ് വഴി പാത്രിയർക്കീസ് കുറെക്കൂടി പിടിമുറുക്കി.

നിരന്തരമായ യുദ്ധവും മാരകങ്ങളായ പല മുറിവുകളും സഭയെ ഒരു പ്രത്യേക മാനസികാവസ്ഥയിൽ കൊണ്ടുചെന്നെത്തിച്ചു. The church had to fight on many fronts and thereby developed a mentality of entrenchment and consequent conservation. The Catholics on one side the protestants on the other, the reformers from within on the 3rd side and the growing claims of Antioch for the absolute control on the forth side. (Indian Orthodox Church by Dr. Paulose Gregorios)

പത്രോസ് മൂന്നാമൻ പാത്രിയർക്കീസും അതിനുശേഷം വന്ന അബ്ദുള്ള പാത്രിയർക്കീസും–ദീവന്നാസ്യോസ് വട്ടശ്ശേരിൽ തിരുമേനിയുടെ കാലത്തു് മലങ്കര സഭയുടെ ലൌകീകാധികാരത്തിനു വേണ്ടി സമരം തുടങ്ങി. മുടക്കു കല്പനകൾ അയച്ചു–കേസുകൾ നടത്തി–മെത്രാച്ചനെ പീഡിപ്പിച്ചു–പണവും പണ്ടങ്ങളും കവർച്ച ചെയ്തു. ഇതിനെയെല്ലാം ചെറുത്തുനിന്ന മലങ്കര സഭ 1912–ൽ നിരണത്തു നടന്ന കാതോലിക്കാ സ്ഥാപനത്തോടെ സ്വയം ഭരണ സ്വാതന്ത്ര്യമുള്ള, സ്വയം ശീർഷകത്വമുള്ള സഭയായിത്തീർന്നു. എങ്കിലും ഇന്നും വിഘടിച്ചു നില്ക്കുന്ന ആ വിഭാഗം ആളുകളെ കൈയ്യിലെടുത്തു് കൊണ്ടു് അന്ത്യോഖ്യാ പാത്രിയർക്കീസും പിണിയാളുകളും ഉപദ്രവങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

ഈ രണാങ്കണത്തിൽ നിന്നുകൊണ്ടാണെങ്കിലും പരിമിതമായ നേട്ടങ്ങൾ സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ കൈവരിക്കാൻ സഭയ്ക്കു് കഴിഞ്ഞിട്ടുണ്ടു് എന്നുള്ളതു് അഭിമാനം നൽകുന്ന വസ്തുതയാണ്. ഏഴു് ആത്മീയ സംഘടനകൾ സഭയിൽ പ്രവർത്തിക്കുന്നു. കേന്ദ്രതലത്തിൽ 4 ആനുകാലീക പ്രസിദ്ധീകരണങ്ങൾ സഭയിലുണ്ടു്. തിയോളജിക്കൽ സിമ്മനാരി, മിഷൻ ട്രെയിനിംഗ് സെൻററുകൾ ഇവ സഭയുടെ നേട്ടങ്ങളാണ്. 12 ദയറാകളും 10 കന്യാസ്ത്രീമഠങ്ങളും നമുക്കിന്നുണ്ടു്. 14 കോളേജുകൾ 5 ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂളുകൾ 78 ഹൈസ്കൂളുകൾ 88 യു. പി. ആൻറ് എൽ. പി. സ്കൂളുകൾ 2 അഭയഭവനകൾ 8 ബാലഭവനകൾ 20 നവീന ആശുപത്രികൾ എന്നിവ ഇക്കാലയളവിൽ ഉണ്ടായിട്ടുള്ളതാണ്.

21–ാം നൂറ്റാണ്ടിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ നാഴികക്കല്ലായി വിശേഷിപ്പിക്കാവുന്ന ഒരു പരിപാടിക്കു് സഭാ മാനേജിംഗ് കമ്മററിയും പ. സുന്നഹദോസും അംഗീകാരം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. ജനങ്ങളുടെ സാമ്പത്തീകവും സാമൂഹ്യവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുവാൻ ക്രിയാത്മകമായ പരിപാടികളോടെ ഒരു മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷണൽ ആൻറ് സോഷ്യൽ സർവീസ് സൊസൈററി രജിസ്റ്റർ ചെയ്തു് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. അവശന്മാർ, ആർത്തന്മാർ, ആലംബഹീനർ എന്നിവരുടെ ക്രിസ്തുവിനെ കണ്ടെത്താനും– നിങ്ങളിൽ ഏററം ചെറിയവനു ചെയ്യുന്നതു് എനിക്കു ചെയ്യുന്നു–എന്നുള്ള നൂതന സുവിശേഷ മാനദണ്ഡം സാർത്ഥകമാക്കുന്നതിനും, സഭയുടെ വിവിധ തലങ്ങളിലുള്ള വികാസത്തിനു് പ്രധാന പ്രതിബന്ധമായിത്തീരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്കു് പരിഹാരം കാണുവാനും ഈ സൊസൈററി സഹായിക്കും.

Rev. Dr. P. T. ചാണ്ടി minority right–നു് പുതിയ നിർവചനം നൽകുന്നതു് ഇപ്രകാരമാണ്. What the minority have got out of heritage and tradition shall be given to the utility of the minority. This is the minority right. അതുകൊണ്ടു് നമുക്കു നമ്മുടെ ന്യൂനപക്ഷാവകാശം ഭൂരിപക്ഷത്തിന്റെ നന്മക്കായി ഉപയോഗിക്കാം.

വേൾഡ് കൗൺസിൽ ഓഫ് ചർച്ച്സിന്റെ ജനറൽ സെക്രട്ടറി ഡോ. എമീലിയൊകാസ്ട്രോ 1986 ഡിസംബറിൽ വിവിധ സഭകൾക്കയച്ച X' mas സന്ദേശത്തിൽ ഇങ്ങനെ പറയുന്നു. It is the duty of

every church to mediate to men and women everywhere, God's concern for the poor, powerless, down trodden' oppossed the marginalized and sinned against.

നമ്മുടെ പുതുപ്പള്ളിപള്ളി, പറവൂർപള്ളി എന്നിവ പോലെ പല പള്ളികളിലും വർഷങ്ങളായി കെട്ടിക്കിടക്കുന്ന പണം ഇന്നും ഉപയോഗിക്കാൻ നിവൃത്തിയില്ലാതെ കിടക്കുന്നു.

ലോകാരാധ്യനായ ബാബാ ആംതെ എന്ന സാമൂഹ്യ പ്രവർത്തകൻ — മാനസീക മയക്കത്തിൽ കിടക്കുന്ന ലോകജനതയെ ഉണർത്തുവാൻ ചെറുപ്പക്കാരെ ആഹ്വാനം ചെയ്യുന്നു. ഈ മയക്കത്തിന്റെ ഫലമായി കലാപങ്ങളും വിപ്ലവങ്ങളും വിഭാഗീയതയും ഉളവാകുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിലെ വിശന്നിരുന്നവനായ, ദാഹിച്ചിരുന്നവനായ, തടവുകാരനായ, നഗ്നനായ, പരദേശിയായ ക്രിസ്തുവിനെ നമുക്കു പോയി കാണാം, അവന് ആഹാരവും വെള്ളവും നൽകാം. വസ്ത്രം നൽകാം. പോയി സന്ദർശിക്കാം. അവനെ പരിചരിക്കാം.

80 കോടിയിലധികം ആളുകൾ തെക്കൻ രാജ്യങ്ങളിൽ കൊടുംപട്ടിണിയിൽ കഴിയുന്നു. 40000ത്തിലധികം ആളുകൾ കൂടുതലും കുഞ്ഞുങ്ങൾ-പ്രതിദിനം പട്ടിണിമൂലം മരിക്കുന്നു. ഉല്പാദിപ്പിക്കുന്നഭക്ഷണം തെറ്റായ ഭക്ഷ്യനയം മൂലം ശരിയായി വീതിക്കുവാൻ സാധിക്കുന്നില്ല. മദ്യപാനം, മയക്കുമരുന്ന് ആസക്തി, ലൈംഗീകാരാജകത്വം, അന്തരീക്ഷം, ജലം, വായു മലിനീകരണങ്ങൾ, ദുർഭരണങ്ങൾ, അണുവായുധ ഭീഷണി, അടിച്ചമർത്തലുകൾ ഇവയ്ക്കെതിരായി നമുക്കു പ്രതികരിക്കാം. ഓർത്തഡോക്സുകാരായ നമുക്കു പാരമ്പര്യങ്ങളിൽ നിന്നു പാഠം പഠിക്കാം. സഭയുടെ ദൗത്യനിർവ്വഹണത്തിന് ഒത്തുചേരാം. റോബർട്ട് ഫോസ്റ്റർ പാടിയതുപോലെ നമുക്കും പാടാം.

വാഗ്ദാനമേറെയെനിക്കു പാലിക്കണം
നിദ്രയ്ക്കു മുമ്പേറെ നാഴിക താണ്ടണം.

---

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മേരി തോമസ് & വിൽസൺ തോമസ്, പി. ബി. ഭവൻ.

അമ്മിണി, North Parur.
താമസിച്ചതിനു ക്ഷമാപണം



ഏബ്രഹാം തോമസ് & ഏലിയാമ്മ തോമസ് പി. ബി. ഭവൻ.

രോഗശാന്തിക്ക്
മിസ്സസ്. & മിസ്റ്റർ. ദാനിയേൽ B. S. P.



# സംശയങ്ങൾ ചോദിക്കുക

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ദൈവവുമായുള്ള സംസർഗ്ഗത്തിൽ സഭയ്ക്കുള്ള പ്രാധാന്യം എന്ത്? ജോർജ്ജു കോശി കൈപ്പട്ടൂർ

1. സഭാ മാതാവിൽ കൂടിയാണല്ലോ ദൈവമായ പിതാവിനെ അറിയുന്നതും, ആരാധിക്കുന്നതും, ആശ്രയിക്കുന്നതും. ആത്മീക പ്രസ്ഥാനങ്ങൾ ഇടവകയിൽ ഇല്ലായിരുന്നു എങ്കിൽ എങ്ങനെ ദൈവികരായിതീരും? വി: കൂദാശകൾ സഭയിൽ വച്ചിരിക്കുന്നത് ദൈവത്തെ നമുക്കു യഥാർത്ഥമാക്കുന്നില്ലേ? തിരുവചനം പാലിക്കുവാൻ സഭ സൗകര്യമുണ്ടാക്കുന്നില്ലേ! ദൈവ സംസർഗ്ഗത്തിന്ന് സഭ അത്യന്താപേക്ഷിതമാണ്. മനുഷ്യൻ സാമൂഹ്യ ജീവിയാകയാൽ വെറും വ്യക്തിയായി നന്നാകുന്നില്ല; ജീവിക്കുന്നില്ല. കളിക്കുവാൻ പ്രത്യേക ഫീൽഡും, റ്റീമും വേണ്ടതുപോലെ സഭ വ്യക്തികൾക്ക് ആവശ്യമാണ് Churchless Chritianits പലയിടത്തും പരിശോധിച്ചെങ്കിലും പരാജയപ്പെട്ടുകഴിഞ്ഞു. എന്നാൽ സഭ അതിന്റെ ദൗത്യം നിർവ്വഹിക്കുന്നില്ല എന്നുള്ള കുറവുണ്ട്. അതു പരിഹരിക്കേണ്ടതാണ്. അതിനു ചോദ്യകർത്താവിനും ഉത്തരവാദിത്വമുണ്ട്.

2. മത്താ 16:28-ൽ 'മരണമാസ്വദിക്കാത്തവർ' 'ആര്'' കെ. വി. വറുഗീസ്. ബേട്ടാപൂർ

പത്രോസും, യാക്കോബും, യോഹന്നാനും മറുരൂപം കണ്ട ശേഷമാണു മരണമാസ്വദിച്ചത് എന്നു തുടർന്നുള്ള വാക്യങ്ങൾ വായിച്ചാൽ വ്യക്തം.

3. ഏഷ്യാ മൈനറിലെ ഏഴ് സഭകളും മറ്റു പുതിയ നിയമസഭകളും ഏതു വിഭാഗത്തിൽ പെട്ടവരായിരുന്നു. ഇന്ന് അവരുടെ സ്ഥിതി എന്ത്? (Do).

അന്ന് ഒരു ക്രിസ്തീയസഭയെ ഉണ്ടായിരുന്നുള്ളു. വിഭാഗങ്ങൾ ഉണ്ടായതു് അഞ്ചാം നൂറ്റാണ്ടു മുതലാണ്. ഏഷ്യാമൈനറിലെ പല സഭകളും ഇന്നില്ല. മുസ്ലീം ആക്രമണത്താൽ ഇല്ലാതായി; മക്കദോന്യ സഭയും മറ്റും ഇന്ന് ഗ്രീക്ക് ഓർത്തഡോക്സ്സഭയിലാണ്.

4. യഹോവയുടെ പെട്ടകം (1 ശമു.7-) ഇന്ന് എവിടെ? (Do)

യറുശലേം ദേവാലയമുണ്ടാകുംവരെ സമാഗമന കൂടാരത്തോടുകൂടി മാറ്റി മാറ്റി സ്ഥാപിച്ചു. യറുശലേം ദേവാലയം നശിച്ചപ്പോൾ അതും നശിച്ചു. ഇന്നെവിടെ എന്ന് ആർക്കും അറിഞ്ഞുകൂടാ.

5. പള്ളികളിൽ വെളിച്ചെണ്ണ വിളക്കെന്തിന് (Do)

സമാഗമനകൂടാരത്തിൽ ഏഴ് തിരിയുള്ള നിലവിളക്കുണ്ടായിരുന്നു. യറുശലേം ദേവാലയത്തിലും പൊലിയാ വിളക്കുണ്ടായിരുന്നു. നമ്മുടെ പള്ളികളിലും വെളിച്ചമായ ക്രിസ്തുവിന്റെ പ്രതീകമായി വിളക്കുണ്ട്. ''ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു'' (യോഹ. 8;12) എണ്ണ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. നാം ആരാധകരും ത്യാഗികളും വെളിച്ചം നൽകുന്നവരും ആയിരിക്കണം (മത്താ 5:14) ഇതു് ഓർപ്പിക്കുവാൻ നിലവിളക്കു പള്ളിയിൽവയ്ക്കണം.

6. പെസഹാപെരുനാൾ ആണ്ടിലൊരിക്കൽ എന്ന പോലെ വി: കുർബ്ബാനയും ആണ്ടിലൊരിക്കൽ പോരേ? (Do)

''ഞാൻ വരുവോളം എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ'' എന്ന കല്പനയനുസരിച്ച് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അപ്പം മുറിക്കുന്ന പതിവ് അപ്പോസ്തോലന്മാർ തുടങ്ങി ഇന്നുവരെ നില്ക്കുന്നു. ആദിമസഭയിൽ ദിനംതോറും ചെയ്ത കാര്യങ്ങളിൽ ഒന്നിതായിരുന്നു (അ.പ്ര. 2:42) ഇതു ആത്മീകഭക്ഷണവും, പാപരോഗങ്ങൾക്കുമരുന്നും, വിശുദ്ധിയുടെ കൂട്ടായ്മയും ആകയാൽ പെസഹാപോലെ ആണ്ടിൽ ഒരിക്കൽ പോരാ. വി: കുർബ്ബാനയുടെ മഹിമയറിഞ്ഞാൽ ഇപ്രകാരം ചോദിക്കുവാൻതന്നെ തോന്നുകയില്ല.

7. സൃഷ്ടിക്കു മുമ്പുള്ള വചനത്തെ മത്താ 1-ലെ വംശാവലിയിൽ എങ്ങനെ ചേർക്കും?

കെ. എം. തോമസ്. മദ്രാസ്

മത്തായി 1-ൽ അബ്രഹാം മുതലും ലൂക്കോസ് 3-ൽ ആദാമിൽ അവസാനിപ്പിച്ചും യോഹന്നാൻ 1-ൽ ദൈവത്തിന്റെ നിത്യവചനത്തിൽ ആരംഭിച്ചുമാണു യേശുവിന്റെ വംശാവലി. ആദ്യമെഴുതിയ മർക്കോസിൽ പരസ്യശുശ്രൂഷ മുതലാണ് തുടങ്ങുന്നതു്. ഒടുവിലെഴുതിയ യോഹന്നാനാണ് ''ആദിയിൽ വചനമുണ്ടായിരുന്നു'' എന്നു തുടങ്ങിയിരിക്കുന്നത്. മാനവരാശിക്കു മുഴുവനുമാണ് യേശു അവതരിച്ചതെന്നു സൂചന. മത്തായി യഹൂദന്മാർക്ക് എഴുതിയതിനാൽ എബ്രഹാമിൽ തുടങ്ങി. മത്താ 1:17-ൽ മൂന്നു പതിനാലു പറഞ്ഞിരിക്കുന്നതു കൂട്ടിനോക്കിയാൽ കൊട്ടത്താപ്പിൽ പറഞ്ഞതായി ഗ്രഹിക്കാം.

**ഐതിഹ്യങ്ങളും ചരിത്രവും**

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹനായ ഒന്നാം മാർത്തോമ്മാ (തുടർച്ച)

### റോമൻ കത്തോലിക്കാ ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങൾ

''16–ാംനൂററാണ്ടിന്റെ ആരംഭത്തിൽ....പറങ്കികൾ കൊച്ചിയിൽ വന്നുകയറി അധിവാസവും ആധിപത്യവും ഉറപ്പിച്ചു...അവരും നസ്രാണികളുമായി ....രമ്യതയിലും സ്നേഹത്തിലും വർത്തിച്ചുവന്നു. അങ്ങിനെയിരിക്കെ കുലീനരും ശ്രേഷ്ഠവംശജരുമായ സുറിയാനിക്കാരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടണമെന്നു.... പറങ്കികൾക്കഭിനിവേശമുണ്ടായി. അന്നു നസ്രാണികളുടെ പട്ടണമായിരുന്ന മട്ടാഞ്ചേരിയിലെ സുറിയാനിപ്പള്ളിയിൽ ഒരു യോഗം വിളിച്ചുകൂട്ടി പറങ്കികൾ.... അഭിലാഷം സദസ്സിൽ അറിയിച്ചു. എന്നാൽ ജാതി വ്യത്യാസം.... കാരണങ്ങളാൽ ....തങ്ങൾക്ക് നിവർത്തിയില്ലെന്ന് നസ്രാണികൾ അറിയിച്ചു. ഇതുങ്കൽ കുപിതരായ പറങ്കികൾ....മട്ടാഞ്ചേരി തെരുവിൽ നിന്നും ബലാൽക്കാരേണ നസ്രാണി യുവതികളെ കൊച്ചീക്കോട്ടയിലേക്കു കൊണ്ടുപോകുന്നതിനു് ഒരു ആലോചന നടന്നു. ഇതറിഞ്ഞു നസ്രാണികളിൽ പലരും.... കുടി പുറപ്പെട്ടു പോയുണ്ടത്രെ! P: 474. തെക്കും ഭാഗരും വടക്കും ഭാഗരും. ജോസഫ് ക്കുർമങ്കൽ 1944

ഏതെല്ലാം തരത്തിൽ പറങ്കികൾ നസ്രാണികളെ അപമാനിച്ച് അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തി, രക്തം തിളപ്പിച്ചു എന്ന് അനുമാനിക്കുക.

''തങ്ങളുടെ കൂട്ടത്തിൽ പെട്ടവർക്കു ധാരാളമായി പട്ടം കൊടുക്കുന്നതിനു് വടക്കുംഭാഗരായ പകലോമററത്തു അർക്കദിയാക്കോനും പ്രധാനികളും സമ്മതിക്കുന്നില്ലെന്നും, അതിനാൽ മേലാൽ തങ്ങളുടെ സമുദായത്തിൽ നിന്നും ധാരാളം പേർക്കു പട്ടം കൊടുത്തു് ഈ അവശതയ്ക്കു് പരിഹാരം വരുത്തുവാൻ കൽദായ മെത്രാപ്പോലീത്തായുടെ പക്കൽ ശുപാർശ ചെയ്യണമെന്നും തെക്കുംഭാഗർ പറങ്കികളുടെ അടുക്കൽ സങ്കടം പറഞ്ഞു..... ഇതനുസരിച്ച് പോർട്ടുഗീസുകാർ ചെയ്ത ശുപാർശ പ്രകാരമത്രെ, മാർ അബ്രഹാം മെത്രാൻ കോട്ടയത്ത് ഏതാനും തെക്കുംഭാഗക്കാർക്കു പട്ടം കൊടുത്തതും, വടക്കുംഭാഗർ പ്രതിഷേധിച്ച് ചെറിയ പള്ളി വച്ച് മാറിപ്പോയതും.''

തെക്കുംഭാഗരും വടക്കുംഭാഗരും തമ്മിൽ വഴക്കും, വിദ്വേഷവും പണ്ടു മുതലേ നിലവിലിരുന്നു. കാരണം ഏതായാലും പറങ്കികൾ അവരെ സഹായിച്ചു. അവർക്കു് അതുമൂലം പറങ്കികളോടു് അനുഭാവം കാട്ടേണ്ട ധാർമ്മിക ബാദ്ധ്യതയുണ്ടായി. അവർ ഉദയംപേരൂർ സുന്നഹദോസുകാലത്തും, കൂനൻ കുരിശു സത്യകാലത്തും പറമ്പിൽ ചാണ്ടിമെത്രാനെ വാഴിച്ചപ്പോഴുമെല്ലാം ഈ പറങ്കി അനുഭാവം നിലനിർത്തി. അങ്ങിനെ തെക്കുംഭാഗ വടക്കുംഭാഗ ജാതി വഴക്കു് തുടന്നു. ഇന്ന് ബാഹ്യമായി അതിനു് പ്രസക്തി ഇരുകൂട്ടരും ഉന്നയിക്കുന്നില്ല എന്നതു് നല്ലതു തന്നെ. പോർട്ടുഗീസുകാർ നസ്രാണികളുടെ ഇടയിൽ ഭിന്നത

---

**ജേക്കബ് തോമസ്, നടുവിലേക്കര**

---

വിതച്ച് അവക്കനുകൂലമായ ഫലം, കഴിവുള്ളിടത്തെല്ലാം വിളയിച്ചു. അവർക്കു് നല്ലകൊയ്ത്ത് പലയിടത്തും ലഭിച്ചു. അതിനു് അവരെ പഴിക്കേണ്ട കാര്യമില്ല. നമ്മുടെ കാരണവന്മാരുടെ തന്നെ തെററുകൾ. നാമെല്ലാം അതു തുടങ്ങുകയല്ലേ? പലവിധത്തിലും?

''പുറമെ കാണുന്ന ശാന്തതയ്ക്കിടയിൽ നീറിപ്പുകയുന്ന ഒരഗ്നി പർവ്വതമുണ്ടെന്നുള്ള വസ്തുത സമ്മതിക്കുവാൻ അവർ തയ്യാറായില്ല. (പറങ്കികൾ) അന്യായമായി തങ്ങളുടെ മേൽ കെട്ടിവച്ച പോർട്ടുഗീസ് വൈദീക ഭരണത്തെ കേരളത്തിൽ നിന്ന് നിഷ്കാസനം ചെയ്യുന്നതിനും, സുറിയാനി മെത്രാന്മാരെ.... ഇവിടെ കൊണ്ടുവരുന്നതിനും കേരള ക്രിസ്ത്യാനികൾ തീരുമാനിച്ചു.'' P. 39 തച്ചിൽ മാത്തുത്തരകൻ. എം. ഓ. ജോസഫ് നെടുങ്കുന്നം.

''സമുദായത്തിൻേറയും റീത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ തോമ്മാ അർക്കദിയാക്കോൻ ചെയ്ത സേവനങ്ങൾ അഭിനന്ദനീയങ്ങളാണെങ്കിലും, ഒടുവിലത്തെ അദ്ദേഹത്തിന്റെ നീക്കം, സമുദായത്തെ ഛിന്നിപ്പിക്കുന്നതിനും ശീശ്മയിൽ പെടുത്തുന്നതിനും കാരണമായി. അതിൽ അദ്ദേഹം നമ്മുടെ അനുകമ്പ അർഹിക്കുന്നു.'' പേജ് 36. 'കേരള സഭാതാരങ്ങൾ' എം. ഓ. ജോസഫ്, നെടുംകുന്നം.

റോമാ നസ്രാണി ചരിത്രകാരന്മാരിൽ നിന്നു് പ്രത്യേകം ചട്ടക്കൂട്ടിലിട്ടതെങ്കിലും രണ്ടു് നല്ലവാക്കു് തോമ്മാഅർക്കദിയാക്കോനെപ്പററി ചുരുക്കമായേ കണ്ടിട്ടുള്ളു. ഈ റീത്തെന്നും, സമുദായമെന്നും ഒക്കെ പറയുമ്പോൾ അതു് റോമാ സിംഹാസനത്തിന്റെ കീഴിലുള്ളതിനെ മാത്രം ആയി വ്യവഹരിക്കയാണ് ഇവരെല്ലാം. സത്യത്തിൽ ഇവിടെ റോമായുമായി, പ്രത്യക്ഷമായോ പരോക്ഷമായോ, വിശ്വാസത്തിലൊ സഭാ ഭരണത്തിലൊ, യാതൊരു ബന്ധവുമില്ലായിരുന്നു എങ്കിൽ തോമ്മാ അർക്കദിയാക്കോനെ പുറത്തു് നിന്ന് അഭിനന്ദിച്ച് നിന്ദിക്കുന്നവരല്ലെ അവശ്യം അനുകമ്പാർഹർ. റോമാ സഭയുമായി വിശ്വാസ ഐക്യമില്ലാത്തവർക്കെല്ലാം റോമാസഭ ശീശ്മ കല്പിക്കുന്നു. മറിച്ച് റോമാസഭ ഈ ശീശ്മക്കാർക്കും ശീശ്മ സഭയാണെന്നതു പലരും സൗകര്യപൂർവ്വം വിസ്മരിക്കുന്നു. സഹതപിക്കാമോ ആവോ?

''മെനേസ്സിസ് എന്ന പോർട്ടുഗീസുകാരൻ മെത്രാപ്പോലീത്താ നാടടക്കം ചുററി സഞ്ചരിച്ചപ്പോൾ ചില പള്ളികളിലെ വികാരിമാർ മെത്രാപ്പോലീത്തായുടെ സ്പർശനം തന്നെ അനുവദിക്കയുണ്ടായില്ലത്രെ! മ്ലേഛന്മാർ തൊട്ടാൽ കുളിക്കണമെന്നുള്ള വിചാരത്താൽ കത്തനാരന്മാർ തന്റെ ഹസ്തദാനം നിരാകരിക്കുമെന്നും മെത്രാപ്പോലീത്താ സ്വപ്നേ പിനിനച്ചിരിക്കയില്ല.'' പേജ് 22. 'മലയാള സാഹിത്യവും ക്രിസ്ത്യാനികളും. ഡോ. പി. ജെ. തോമസ്.

കുറവിലങ്ങാട്ട് പകലോമററം, നെടുമററം ശാഖാംഗമായിയിരുന്ന ഡോ. തോമസ് പറയുമ്പോൾ അതു് കാര്യമാകുമ്പോൾ, അപ്പാടെ സ്വീകരിക്കണം. പറങ്കികൾ, ഗോം മാംസ ഭോജികളും, സ്നാനവിഹീനരും മററും ആയിരുന്നു എന്നു് അദ്ദേഹം പറയുന്നുണ്ടു്, നസ്രാണികൾ 'രണ്ടു നേരം കുളിക്കുന്നതും, പള്ളിയിൽ കുളത്തിൽ കുളിച്ച് ആരാധനയ്ക്കെത്തുന്നതും ഹിന്ദുമതാചാരമാണെന്നു മെനേസീസ് ആക്ഷേപിച്ചതായി രേഖയുണ്ടു്. പറങ്കികൾ ശൗചക്രിയ ഇല്ലാത്താവരായിരുന്നു എന്നു പറയുന്നു.

ഇററലിയും യൂറോപ്പുതന്നെയാണ്, അവരും ഗോമാംസ ഭോജികളും മേല്പറഞ്ഞ പല കുറവുകളും നാം നോക്കിയാൽ ഉള്ളവരുമായിരുന്നു. ഗോമാംസ ഭോജി എന്ന ഏക കാരണത്താൽ മെനേസ്സിസിന്റെ സ്ഥാനത്തു് അന്നത്തെ മാർപാപ്പാ എഴുന്നെള്ളിവന്നാലും നമ്മുടെ കത്തനാരന്മാരും ജനങ്ങളും അന്നത്തെ ആചാരത്തിൽ ''അസ്പർശ്യ''നായിതന്നെ വർത്തിക്കുമായിരുന്നു. ഏതായാലും ഈ അസ്പർശ്യത പറങ്കിയെ, പകയുടെ വെറിപൂണ്ടവരായി, നസ്രാണികളോടു് പിന്നീടു് വർത്തിക്കുന്നതിനിടയാക്കി.

''കേരള സുറിയാനി സഭാദ്ധ്യക്ഷന്മാരായി പൗരസ്ത്യ കൽദായറീത്തുപാത്രിയർക്കിസിനാൽ അയയ്ക്കപ്പെട്ടു് ഇവിടെ എത്തിയ മാർ ജോസഫ്, മാർ എബ്രാഹം എന്നീ മെത്രാപ്പോലീത്താമാരെ പോർട്ടുഗീസധികാരികൾ മർദ്ദിക്കുകയും ബന്ധനത്തിലാക്കുകയും ചെയ്തതു് ഗീവർഗീസ് അർക്കദിയാക്കോ

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



എലിസബേത്ത് ജോൺ, കോട്ടയം

ഉത്തരം: 1987–88 അദ്ധ്യയനവർഷത്തിൽ സഭവക സ്കൂളുകളിൽ 30 ഒഴിവുകൾ ഉണ്ടായിരുന്നു. ഇതിൽ 16 ഒഴിവുകളിൽ K. E. R.–ലെ വ്യവസ്ഥ അനുസരിച്ച് മുൻപ് അവധി ഒഴിവുകളിൽ പകരക്കാരായി ജോലി ചെയ്തിരുന്നവരെ നിയമിച്ചു. മറ്റു 14 ഒഴിവുകളിൽ പുതിയ ആളുകളെയാണ് നിയമിച്ചത്. നിയമനം ആഗ്രഹിക്കുന്നവർ അവരുടെ പേരുകൾ ഓരോ വർഷവും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരിക്കൽ രജിസ്റ്റർ ചെയ്താൽ തുടർന്നുള്ള അദ്ധ്യയനവർഷത്തേക്കു മാത്രമേ ആയതിനു പ്രാബല്യമുണ്ടായിരിക്കുകയുള്ളു. രജിസ്ട്രേഷനുള്ള അപേക്ഷാഫോറം രണ്ടു രൂപാ വിലയ്ക്ക് സഭവക സ്കൂളുകളുടെ കോർപറേറ്റ് മാനേജ്മെന്റ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച ഫോറത്തോടൊപ്പം മാർക്ക് ലിസ്റ്റുകളുടെ പകർപ്പും സമർപ്പിക്കേണ്ടതാണ്. കോർപറേറ്റ് മാനേജ്മെന്റ് അഡ്വൈസറി ബോർഡ് അതതവസരത്തിൽ നൽകുന്ന നിർദ്ദേശമനുസരിച്ചും മാർക്കിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റിൽ നിന്നുമാണ് ഒഴിവുകൾ വരുന്നതനുസരിച്ച് നിയമനം നടത്തുന്നത്.

ചോദ്യം 2. പ്രൊഫ. പി. ഒ. ജോൺ.

സഭവക ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്ററന്മാരുടെ നിയമനം സീനിയോറിട്ടിയുടെ അടിസ്ഥാനത്തിലാണോ നടത്തുന്നത്? അല്ലെങ്കിൽ എന്തു മാനദണ്ഡമാണ് സ്വീകരിക്കുന്നത്? ഇതു സംബന്ധിച്ച് ഇപ്പോൾ കോടതികളിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ?

ഹെഡ്മാസ്റ്ററന്മാരുടെ നിയമനം നടത്തുന്നത് കാതോലിക്കേറ്റ് ആൻഡ് എം. ഡി. സ്കൂൾസ് കോർപറേറ്റ് മാനേജ്മെന്റ് അഡ്വൈസറി ബോർഡ് ഏർപ്പെടുത്തുന്ന സബ് കമ്മററിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ഇതു സംബന്ധിച്ച് ഇപ്പോൾ യാതൊരു കേസും നിലവിലില്ല.

ചോദ്യം 1 A. പ്രൊ. അലക്സാണ്ടർ കാരയ്ക്കൽ.

1987–88 അദ്ധ്യയനവർഷത്തിൽ വെല്ലൂർ മെഡിക്കൽ കോളജിൽ M.B.B.S, Bsc (Nursing)

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



അന്നമ്മ ജോയി.

ഒരു വിശ്വാസി, തിരുവല്ല.



റാഹേൽകുട്ടി, അന്നമ്മ ജോർജ്, മീയണ്ണൂർ. ഫാദർ. മാണി റി. ഓ. തോമസ്, കെ. വർഗീസ്. വർഗീസ്, ബാംഗ്ളൂർ.



General Nursing തുടങ്ങിയ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിന് നമ്മുടെ സഭയിൽ നിന്നും എത്ര പേരെ സ്പോൺസർ ചെയ്തിരുന്നു? ഇതിൽ ആർക്കൊക്കെ അഡ്മിഷൻ ലഭിച്ചു?

ഉത്തരം: സ്പോൺസർ ചെയ്യപ്പെട്ടവരുടെ എണ്ണം

M. B. B. S. 28, Bsc Nursing 3, Certificate in Nursing 1, Occupational Therapy 1, Dietition 1, Physiotherapy 1.

അഡ്മിഷൻ കിട്ടിയവരുടെ വിവരങ്ങൾ അറിവായിട്ടില്ല.

ചോദ്യം 1 B. പ്രൊഫ. അലക്സാണ്ടർ കാരയ്ക്കൽ.

സ്പോൺസർഷിപ്പ് ലഭിക്കുന്നതിനുള്ള പ്രവേശന പരീക്ഷയ്ക്ക് എത്ര പേർ ചേർന്നിരുന്നു. പരീക്ഷാഫലം അറിയിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം: പരീക്ഷയ്ക്ക് ചേർന്നിരുന്നവരുടെ എണ്ണം താഴെ ചേർക്കുന്നു.

M. B. B. S. 98, Nursing 42, Paramedical 18.

പരീക്ഷാഫലം അറിയിക്കുന്നതിനുള്ള സംവിധാനം ഉള്ളതായി അറിവില്ല.

തുടന്ന് സ്പോൺസർഷിപ്പിനുള്ള പരീക്ഷയെപററിയും സ്പോൺസർ ചെയ്യപ്പെടുന്ന ആളുകൾക്ക് അഡ്മിഷൻ ലഭിക്കുന്നില്ലെങ്കിൽ ഇങ്ങനെ ഒരു പരീക്ഷ നടത്തുന്നതിന്റെ ആവശ്യകതയുണ്ടോ എന്നും മററുമുള്ള സംശയങ്ങൾ ചില മെമ്പറന്മാർ ഉന്നയിച്ചു. സ്പോൺസർ ചെയ്യപ്പെടുന്നവർക്ക് അഡ്മിഷൻ കിട്ടുമെന്ന് ഉറപ്പില്ലെന്നും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് അധികൃതർ നടത്തുന്ന പരീക്ഷയിൽ പാസ്സാകുന്നവർ സ്പോൺസർ ചെയ്യപ്പെട്ടവരായുണ്ടെങ്കിൽ അവർക്കു മാത്രമേ അഡ്മിഷൻ കിട്ടുവാൻ സാദ്ധ്യതയുള്ളു എന്നും പക്കോമിയോസ് മെത്രാപ്പോലീത്താ പ്രസ്താവിക്കുകയുണ്ടായി.

ചോദ്യം 1. ശ്രീ. സി. വി. ജോൺ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടന 131–ാം വകുപ്പനുസരിച്ച് ഏതെങ്കിലും ഒരു കമ്മററിയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തുടർച്ചയായി മൂന്നു യോഗങ്ങളിൽ തക്കതായ കാരണം കൂടാതെ ഹാജരാകാതിരുന്നാൽ അവരുടെ അംഗത്വം നശിച്ചുപോകുന്നതാണെന്ന് കാണുന്നു. അപ്രകാരം നിലവിലുള്ള അസോസ്യേഷൻ മാനേജിംഗ് കമ്മററിയിൽ നിന്നും അംഗത്വം നഷ്ടപ്പെട്ടവരുടെ പേരുവിവരം വെളിപ്പെടുത്താമോ?

ഉത്തരം: തുടർച്ചയായി മൂന്നു യോഗങ്ങളിൽ കാരണം അറിയിക്കാതെ ഹാജരാകാതിരുന്ന തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ പേരുവിവരം.

ഫാ. കെ. സി. ജോസഫ് (കുന്നംകുളം മെത്രാസനം), ഫാ. സാം വി. ഗബ്രിയേൽ (ഡൽഹി മെത്രാസനം), റി. വി. പോൾ (കണ്ടനാട് മെത്രാസനം), അഡ്വോ. റി. ജെ. ജോസഫ് (കണ്ടനാട് മെത്രാസനം), സി. എസ്. ഏബ്രഹാം (ബോംബേ മെത്രാസനം), ഈ. ജി. മത്തായി (കൽക്കട്ടാ മെത്രാസനം,) എം. ഇ. വർഗീസ് (കൽക്കട്ടാ മെത്രാസനം), സ്കറിയാ ഉമ്മൻ (അമേരിക്കാ മെത്രാസനം).

ഹാജരാകാതിരുന്നവർ അതിനുള്ള കാരണം അറിയിച്ചില്ലെങ്കിൽ എങ്ങനെയാണ് തീരുമാനമെടുക്കുന്നത് എന്ന് ശ്രീ. പി. കെ. ഐസക് ചോദിച്ചു.

കാരണം കാണിക്കാതെ അംഗത്വം നഷ്ടപ്പെടുത്തുന്നത് Natural Justice ന് നിരക്കാത്തതാണെന്ന് പ്രസിഡണ്ട് തിരുമേനി പ്രസ്താവിച്ചു. ഈ അഭിപ്രായത്തെ അഡ്വോക്കേറ്റ് ശ്രീ. എം. ഏബ്രഹാം പിന്താങ്ങിക്കൊണ്ട് സംസാരിച്ചു.

## വൈദികരുടെ ശമ്പളപരിഷ്കാരവും ഏകീകരണവും സംബന്ധിച്ച കാര്യങ്ങൾ

അടുത്തതായി അജണ്ടായിൽ 12–ാമത്തെ ഇനമായ വൈദികരുടെ ശമ്പളപരിഷ്കാരവും ഏകീകരണവും സംബന്ധിച്ച കാര്യങ്ങളെപ്പററിയുള്ള റിപ്പോർട്ട് ഒരു പ്രസംഗത്തോടുകൂടി ചെങ്ങന്നൂർ മെത്രാസന ഇടവകയുടെ തോമസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനി അവതരിപ്പിച്ചു. ക്രമമായി ശമ്പളം ലഭിക്കുന്ന മററു ജോലിയുള്ള വൈദികർക്കും അപ്രകാരമുള്ള ജോലി ഇല്ലാത്തവർക്കും വ്യത്യസ്തമായ ശമ്പളവും അലവൻസും റിപ്പോർട്ടിൽ നിശ്ചയിച്ചിരിക്കുന്നത് ശരിയല്ലെന്നും മററു ജോലിയുള്ള വൈദികരും അവരുടെ പള്ളിഭരണം സംബന്ധിച്ച ജോലികൾ കൃത്യമായും ഭാഗിയായും ചെയ്തുവരുന്നുണ്ടെന്നും അതുകൊണ്ട് ഈ വ്യത്യാസം മാററണമെന്നും ശ്രീ. ഇ. എം. ബേബി അഭിപ്രായപ്പെട്ടു. ശ്രീ. സണ്ണി കലത്താക്കൽ ഇതുപോലെ ഒരു റിപ്പോർട്ട് തയാറാക്കിയതിൽ അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനിയെ

## വി. മൂറോൻ കൂദാശ

മാമോദീസായിക്കും പള്ളികൂദാശയ്ക്കും ആവശ്യമായ വി. മൂറോൻ ഈ വരുന്ന വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ച ബസ്സേലിയോസ് മാർ തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് മററ് മെത്രാപ്പോലീത്താ തിരുമേനിമാരുടെ സഹകരണത്തിൽ നിർവ്വഹിക്കുന്നതാണ്. ഒന്നരലക്ഷം രൂപായോളം ചെലവു വരുന്ന ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**പി. എസ്. കുറിയാക്കോസ്**



**പബ്ലിക് റിലേഷൻസ് ഓഫീസർ**

സഭയിലെ പി. ആർ. ഒ. ആയി നിയമിക്കപ്പെട്ട ഇദ്ദേഹം ഒക്ടോബർ ഒന്നു മുതൽ ദേവലോകം കാതോലിക്കേററ് ഓഫീസിൽ എത്തി ചാർജെടുത്തു. റബ്ബർ ബോർഡ് ഓഫീസിൽ ഒരു സീനിയർ ഉദ്യോഗസ്ഥനായി റിട്ടയർ ചെയ്ത മി. കുറിയാക്കോസിന്റെ പുതിയ സ്ഥാന ലബ്ധിയിൽ ''മലങ്കര സഭ''യുടെ അഭിനന്ദനങ്ങൾ.

### ചർച്ച് ക്വിസ് 1987

വാകത്താനം: വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന പ: ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ 59–ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഡിസംബർ 13 ഞായറാഴ്ച പകൽ 2 മണിക്ക് ''ചർച്ച് ക്വിസ് 1987'' മത്സരം നടത്തുന്നു. ബൈബിൾ, സഭാചരിത്രം, ദൈവശാസ്ത്രം തുടങ്ങിയവയിലുള്ള പൊതു വിജ്ഞാനം പരീക്ഷിക്കുന്ന ഈ മത്സരത്തിൽ 21 വയസ്സിൽ താഴെയുള്ള ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് പങ്കെടുക്കാം. ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടുന്നവർക്ക് യഥാക്രമം അഞ്ഞൂറ്, ഇരുന്നൂറ്, നൂറ് രൂപയുടെ കാഷ് അവാർഡുകൾ സമ്മാനിക്കും. പങ്കെടുക്കുന്നതിനുള്ള അപേക്ഷകൾ (ജനനത്തീയതി സഹിതം) മാനേജർ, വള്ളിക്കാട്ട് ദയറാ, പുത്തൻചന്ത പി. ഒ. വാകത്താനം എന്ന വിലാസത്തിൽ ഡിസംബർ 12 നകം ലഭിച്ചിരിക്കണം. മത്സരം സംബന്ധിച്ച വിശദമായ നിബന്ധനകൾ ആവശ്യമായവർ സ്വന്തം മേൽവിലാസമെഴുതി 60 പൈസ സ്റ്റാമ്പ് പതിച്ച കവറുകൾ അയയ്ക്കുക. മത്സരത്തിൽ വിജയികളാകുന്നവർക്ക് പ: ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ ഓർമ്മപ്പെരുന്നാൾ ദിവസം (1987 ഡിസംബർ 19 ശനി) പ: കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് സമ്മാനങ്ങൾ നൽകുന്നതാണ്.

കോട്ടയം ചങ്ങനാശ്ശേരി (വാകത്താനം വഴി) റൂട്ടിൽ പുല്ലുകാട്ട് പടിക്കൽ ഇറങ്ങി നടന്നാൽ ദയറായിലെത്താം.

### ഫോളോ അപ്പ് മീററിംഗ്

ഈ വർഷം നടത്തിയ ഒ. വി. ബി. എസ്. പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും അടുത്ത വർഷത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമായി ഭദ്രാസനങ്ങളിലെ ഒ. വി. ബി. എസ്. പ്രവർത്തകരുടെ സമ്മേളനങ്ങൾ തൃശ്ശൂർ സെ. ഇഗ്നീഷ്യസ് പള്ളിയിൽ വച്ചും, കൊട്ടാരക്കര കോട്ടപ്പുറം പള്ളിയിൽവച്ചും, തിരുവല്ലാ പാലിയേക്കര പള്ളിയിൽവച്ചും നടത്തുകയുണ്ടായി. ഡയറക്ടർ ജനറൽ സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ, ഒ. വി. ബി. എസ്. ഡയറക്ടർ ഫാ. എം. വി. പൗലൂസ്, സെക്രട്ടറി ഈ. എ. ജോസഫ്, പബ്ലിക്കേഷൻ ഓഫീസർ ഫാ. ററി. ജി. സഖറിയ എന്നിവർ സമ്മേളനങ്ങൾക്ക് നേതൃത്വം നൽകി.

### 'വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് ഹോം.'

സഭയുടെ വക വികലാംഗ വനിതകളുടെ പുനരധിവാസ കേന്ദ്രത്തിൽ (മുടവൂർ, മൂവാററുപുഴ) വാർഡനായി സേവനം ചെയ്യുവാൻ താല്പര്യമുള്ള സ്ത്രീകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. അപേക്ഷകൾ 1987 നവംബർ 30 നു മുമ്പായി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

ഫാ. കെ. ഇ. വർക്കി
മെഡിക്കൽ മിഷൻ ഹോസ്പിററൽ
കോലഞ്ചേരി, 682 311

### ഒന്നാം റാങ്കുനേടി.

മലങ്കര ഓർത്തഡോക്സ് സഭയിലെ ദിവ്യബോധന പഠന പദ്ധതിയിൽ അഞ്ചാമത്തെ സെമിസ്റ്ററിന്റെ ''സഭ വളരുന്നു'' എന്ന വിഷയത്തിനു പിറവം റിജനൽ സണ്ടേസ്കൂൾ ഇൻസ്പെക്ടർ ശ്രീ. എസ്. കെ. അടൂർ മലങ്കര അടിസ്ഥാനത്തിൽ ഒന്നാം റാങ്കിൽ വിജയിച്ചിരിക്കുന്നു.



# ബൈബിൾ പഠനം

**ഡീ. എം. സി. ചെറിയാൻ**

**പാഠം 59 എബ്രായർ**

**ഉത്തരം**

| | | |
|---|---|---|
| 1. | 6 | 1;5. സങ്കീ. 2:7<br>1:6. സങ്കീ. 97:7<br>1:7. സങ്കീ. 104:4<br>1:(7–8) സങ്കീ. 45:6–7<br>1:10–12 സങ്കീ. 102:25–27<br>1:13 സങ്കീ. 110:1 |
| 2. | 8 | (സങ്കീ. 8:4, 5, 6) |
| 3. | 11 | (3:2, 3, 5, 16, 7:14, 8:5, 9:19, 10:28, 11:23, 24, 12;21) |
| 4. | 7 | (11:30) |
| 5. | 7 | (4:4) |
| 6. | 8 | (5:6, 10, 6:20, 7:1, 10, 11, 16, 17) |
| 7. | 6 | (7:26, 27) |
| 8. | 19 | ഹാബേൽ, കയീൻ, ഹാനോക്, നോഹ, അബ്രഹാം, യിസഹാക്ക്, യാക്കോബ്, സാറ, ഏശാവ്, യോസേഫ്, മോശ, ഫറവോൻ, റാഹാബ്, ഗിദെയോൻ, ബാരാക്, ശിംശോൻ, യിപ്താഹ്, ദാവീദ്, ശമുവേൽ. |
| 9. | 40 | (3:16) |
| 10. | 303 | |

പാഠം 59–ന്റെ ഉത്തരവും അതു ശരിയായി അയച്ചുതന്നവരുടെ പേരുകളും കൊടുക്കുന്നു. ചോദ്യം 11–ന്റെ ഉത്തരം ഇപ്രാവശ്യം കൊടുക്കുന്നില്ല. 11–ാം ചോദ്യത്തിൽ അവസാനം 4 എന്നുള്ളതിനു പകരം 3 എന്നാണ് ചേർത്തിരുന്നത്. അതുകൊണ്ട് 11–ാം ചോദ്യം ക്യാൻസൽ ചെയ്ത് ബാക്കി 10 ഉത്തരത്തിൽനിന്നും വിജയികളുടെ പേര് ചേർക്കുന്നു. വിജയിയെ തെരഞ്ഞെടുക്കുന്നത് ശരിയായി ഉത്തരം അയച്ചുതന്നവരിൽ നിന്നാണ്. ഇതുവരെ വിജയം വരിക്കാത്തവർക്ക് സാദ്ധ്യത കൂടുതൽ കിട്ടുവാൻവേണ്ടി ഒരു പ്രാവശ്യം സമ്മാനാർഹമായവരെ ആ നറുക്കെടുപ്പിൽ പങ്കെടുപ്പിക്കുന്നില്ല. അതേസമയം തുടർച്ചയായി 12 പാഠം ശരിയായി അയച്ചുതന്നാൽ അവർക്കു സമ്മാനം ലഭിക്കുന്നതായിരിക്കും. 59–ാം പാഠത്തിന്റെ വിജയി ആരെന്നു് അടുത്ത ലക്കത്തിൽ അറിയിക്കുന്നതാണ്.

**പാഠം 62**

**പത്രോസ് എഴുതിയ 2–ാം ലേഖനം**

**പ്രവേശനഫാറം**

പേര് ..........................................
വിലാസം ......................................
ഭദ്രാസനം ....................................
രജി: നമ്പർ ....................

പാഠം 62–ന്റെ ഉത്തരം അടുത്ത മാസം 15–നു മുമ്പായി പാഠം 61, ബൈബിൾ പഠനം, C/o Dn. M. C. Cherian, Orthodox Student Centre, Trivandrum–1 (695001) എന്ന വിലാസത്തിൽ അയയ്ക്കുക.

**പാഠം 59 എബ്രായർ**

**ശരിയായ ഉത്തരം അയച്ചുതന്നവർ**

1. എം. വി. പൗലോസ്, ചെല്ലങ്കോട്
2. തങ്കമ്മ ഏബ്രഹാം, ആനന്ദ്
3. മേരിക്കുട്ടി ജോർജ്, കുളനട
4. ററി. ഡി. ജോർജുകുട്ടി, മദ്രാസ്
5. റേച്ചൽ ചാക്കോ, ആഞ്ഞിക്കാട്
6. കോശി മത്തായി, നന്ദിനി
7. എൽ. അലക്സാണ്ടർ, പുലമൺ
8. മേഴ്സി ജോണി, കല്ലിശ്ശേരി
9. അജിത് പി. ജോൺ, വടകോട്
10. വി. സി. അമ്മിണി, കുന്നംകുളം
11. മേരി പുന്നൻ, മീലായി
12. ജി. കുട്ടി, ചെറിയനാട്
13. കെ. ഫി. തോമസ്, കരഗ്പൂർ
14. ലോഫ്സൻ കെ. സി., കുന്നംകുളം
15. ററി. ജെ. സ്കറിയാ, തുമ്പമൺ
16. മാത്യു വറുഗീസ്, സീതത്തോട്
17. പി. സി. ചെറിയാൻ, ദുർഗ്

18. ശോശാമ്മ തോമസ്, കീഴിഞ്ഞ്ചൂർ
19. തങ്കമ്മ സഖറിയാ, ആറാട്ടുപുഴ
20. പി. സി. ജോൺ, മററം
21. പുഷ്പ ജോൺ, കോയിപ്രം
22. പി. എം. പൗലോസ്, മാനന്തവാടി
23. തോമസ് വറുഗീസ്, കൊട്ടമൺ
24. മേരിക്കുട്ടി, കരിപ്പുഴ
25. സൂസൻ ആൻഡ്രൂസ്, മല്ലപ്പള്ളി
26. തോമസ് സഖറിയാ, കടപ്ര
27. ഗ്രേസ് പി. മാത്യു, കല്ലിശ്ശേരി
28. മോളി മാത്യു, നാരങ്ങാനം
29. റിനി അലക്സ്, കവിയൂർ
30. ബേബി ഏ. യു. പഴഞ്ഞി
31. വി. സി. മാത്യു, പുനലൂർ
32. ഡെയ്സി തമ്പി, ഡോമ്പുബില്ലാ
33. സഖറിയാ പനയ്ക്കാമററം
34. അന്നമ്മ വി. സി. അരീപ്പറമ്പ്
35. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
36. സാറാമ്മ തോമസ്, മലാട്ട്
37. ഷൈനോ ജോൺ, ടിച്ചി
38. ജോസു മുതലാളി, കൊച്ചി
39. മറിയാമ്മ വറുഗീസ്, മല്ലപ്പള്ളി

## പാഠം 62 II പത്രോസ്

1. വേദപുസ്തകത്തിൽ 3 അദ്ധ്യായം മാത്രമുള്ള എത്ര പുസ്തകങ്ങളുണ്ട്?
2. ഈ പാഠത്തിൽ ആകെ വാക്യങ്ങൾ എത്ര?
3. എത്ര ലേഖനം എഴുതിയതായി പരാമർശിക്കുന്നു?
4. യേശുക്രിസ്തു എന്ന പദം എത്ര പ്രാവശ്യം?
5. കർത്താവിന്റെ ഒരു ദിവസം എത്ര സംവത്സരം?
6. ലേഖനത്തിൽ എത്ര പേരുടെ പേരു പറയുന്നു?
7. വിശ്വാസത്തോട് എത്രകാര്യം കൂട്ടിച്ചേർക്കണം?
8. നീതിപ്രസംഗി ഉൾപ്പെടെ രക്ഷപെട്ടവർ എത്ര?
9. അവന്റെ മഹിമ കണ്ട സാക്ഷികൾ എത്ര?
10. ദീർഘക്ഷമ എന്ന പദം എത്ര പ്രാവശ്യം?
11. ചോദ്യം 5-നെ ചോദ്യം 8 കൊണ്ട് ഹരിക്കുക. അതിൽനിന്നും ചോദ്യം 2 കുറയ്ക്കുക. അതിനോട് ചോദ്യം 4 കൂട്ടുക. വീണ്ടും ചോദ്യം 10 കൂട്ടുക. അതിനെ ചോദ്യം 9 കൊണ്ട് ഹരിക്കുക. അതിനോട് ചോദ്യം 7 കൂട്ടുക. അതിനെ ചോദ്യം 3 കൊണ്ട് ഗുണിക്കുക. വീണ്ടും ചോദ്യം 6 കൂട്ടുക. അതിൽനിന്നും ചോദ്യം 1 കുറയ്ക്കുക. നിങ്ങളുടെ ഉത്തരം എത്ര?

—o—

## റമ്പാൻ സ്ഥാനം നൽകി.

മലബാർ ഭദ്രാസന അരമന മാനേജർ ഫാ. പൈലിക്ക് ചാത്തമംഗലം അരമന പള്ളിയിൽ വച്ച് തോമസ് മാർ തീമൊഥിയോസ് മെത്രാപ്പോലീത്താ മാർ പക്കോമിയോസ് തിരുമനസ്സിലെ സഹകരണത്തിൽ റമ്പാൻ സ്ഥാനം നൽകി.

തുടർന്ന് ചേർന്ന അനുമോദന യോഗത്തിൽ മാർ തീമോത്തിയോസ്, മാർ പക്കോമിയോസ് എന്നീ തിരുമേനിമാരും ഫാ. മത്തായി നൂറനാൽ ഫാ. വർഗീസ് പുന്നക്കൊമ്പിൽ, പൗലൂസ് കോറെപ്പിസ്കോപ്പാ, കെ. ജി. ഗീവർഗീസ് കോറെപ്പിസ്കോപ്പാ, ഫാ. വർഗീസ് പൊന്നോല, ഫാ. വർഗീസ് ചെമ്മനം, ഫാ. ഏലിയാസ് അപ്പുക്കൽ, വി. ഐ. ജോർജ്ജ്, മാത്യു പുരയ്ക്കൽ, ഏബ്രഹാം ജോർജ് എന്നിവർ പ്രസംഗിച്ചു. റമ്പാച്ചൻ പൗലൂസ് എന്ന നാമധേയം സ്വീകരിച്ചു.

## ഓ. വി. ബി. എസ്. കമ്മററി

ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ ഡയറക്ടറായി തിരുവല്ലാ പാലിയേക്കര പള്ളി വികാരി ഫാ. കെ. വി. തോമസിനെയും സെക്രട്ടറിയായിററി. വി. കുര്യനെയും (കുഴിമററം) കമ്മററി മെമ്പറന്മാരായി ഫാ. എം. വി. പൗലൂസ്, ഡീക്കൻ കുര്യൻ കരിപ്പാലിൽ, സി. സി. ജോർജ്ജ്, ജോർജ് വർഗീസ്, എം. സി. ഗീവർഗീസ് എന്നിവരെയും 17–10–1987–ൽ കൂടിയ സണ്ടേസ്കൂൾ എക്സിക്യൂട്ടീവ് കമ്മററി തിരഞ്ഞെടുത്തു. സ്ഥാനന്യായേന ഓ.എസ്.എസ്.എ. ഈ. പ്രസിഡന്റ് മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ, ഡയറക്ടർ ജനറൽ സി. വി. ജോർജ്ജ് കോറെപ്പിസ്കോപ്പാ, പബ്ലിക്കേഷൻ ഓഫീസർ ഫാ. ററി. ജി. സഖറിയ, ട്രഷറാർ പി.സി.ജോസഫ് എന്നിവരുൾപ്പെടെ 11 അംഗങ്ങളുള്ള പുതിയ കമ്മററി നവംബർ ഒന്നാം തീയതി ചാർജ് എടുക്കുന്നതാണ്.

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മറിയാമ്മ പള്ളം.



ചിന്നമ്മ.

## അഭിനവ റമ്പാൻമാർ



അപ്രേം റമ്പാൻ (മൈലപ്ര)



ക്രിസ്റ്റോ ഫോറോസ് റമ്പാൻ (മൈലപ്ര)



ബർസ്ലീബി റമ്പാൻ (പരുമല)



ശമുവേൽ റമ്പാൻ (പത്തനാപുരം)



ഗീവർഗീസ് റമ്പാൻ (പത്തനാപുരം)



പൗലൂസ് റമ്പാൻ (മലബാർ)



Licence No. 475
11th APRIL 1946
Registered No. KL—KTM—38

THE MALANKARA SABHA

Catholicate Office, Kottayam—686 038

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



MATHEWS PUNCHAMANNIL & FAMILY
SALALAH

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very Rev. Ramban Dr. N. J. Thomas